K. 31

തൊഴിലാളി

Founder: Father Vadakkan

Honorary Chief Editor: T. O. Mathew M.A. Managing Editor: B. Wellington B. A.

പുസ്തകം 12 | ലക്കം 16 | 1965 ജനുവരി 17 തായർ തൃശ്ശൂർ | വില 10 പൈസ | പേജ് 8

വിയറ്റ്നാംസേനയിൽ 1 ലക്ഷം പേർകൂടി

(റോയിട്ടർ) സൈഗോൺ, ജനു. 16

തെക്കൻവിയറ്റ്നാമിൽ വിയറ്റ്കോങ്ഗറില്ലകൾ നടത്തുന്ന യുദ്ധത്തെ നേരിടുന്നതിന്നായി തെക്കൻവിയറ്റ്നാമിന്റെ സായുധസേനകളിൽ ഒരുലക്ഷം പേരെകൂടി ഏർപ്പെടുത്തുന്നതിന്നും ആവശ്യമായ ചിലവുകൾ അമേരിക്ക വഹിക്കാമെന്നും സമ്മതിച്ചിരിക്കുന്നു. ഇതോടെ പോലീസ്സിനേയും പാരമ്പനകളേയും സംഖ്യ 660,000 ആകും.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്വഴി	വാരാന്ത്യപതിപ്പ് പോസ്റ്റ്വഴി
ഒരു കോപ്പിയ്ക്ക്	27.00	6.00
6 മാസത്തേയ്ക്ക്	14.50	3.00
3 മാസത്തേയ്ക്ക്	8 75	1.50
ഏജൻറുമാർവഴി ഒരു കോപ്പിയ്ക്ക്		
വാരാന്ത്യപതിപ്പ് കൂടാതെ	)	2.10
മാറാക്കുതി	00	00.10

മായേജർ

ഒരു കോൺഗ്രസ്സേതര പുരോഗമന ഗവർമ്മെണ്ടിൽ പങ്കുവഹിക്കും

ഭൂപരിഷ്കരണനിയമം പൊളിച്ചെഴുതും, ഫൈസ്കൂൾവിദ്യാഭ്യാസം സൌജന്യം, ഗവ: ജീവനക്കാർക്ക് മുടങ്ങിയ ശമ്പളം നൂറുരൂപ, മദ്യനിരോധനം എട്ടുകളയും, സംവരണം പത്തുവർഷത്തേക്കുകൂടിനീട്ടും, മതപരിവർത്തനം നടത്തുന്ന വ്യക്തികൾക്കും സംവരണത്തിൻറെ ആനുകൂല്യം ലഭിക്കുമാറാക്കും, ആവശ്യമായതു ഭക്ഷ്യവിഭവങ്ങൾ കേന്ദ്രത്തെക്കൊണ്ട് ഇറക്കുമതി ചെയ്യിക്കും, മിനിമം വേജ് പരിഷ്കരിക്കും, അഴിമതിനിവാരണത്തിന് പ്രത്യേക നിയമനിർമ്മാണം, ലോക്കപ്പ് മർദ്ദനങ്ങൾ അവസാനിപ്പിക്കും, വനങ്ങളിലെ കുടിയേറ്റക്കാർക്ക് സ്ഥിരം പട്ടയാവകാശം നല്കും, രാജ്യരക്ഷാ ശ്രമങ്ങൾക്ക് സർവ്വ പിന്തുണയും നല്കും.

കെ.ടി.പി.തെരഞ്ഞെടുപ്പുപ്രകടനപത്രിക പ്രസിദ്ധീകരിച്ചു

പ്രതിനിധി) തൃശ്ശൂർ, ജനു. 16

കർഷക_തൊഴിലാളി പാർട്ടിയുടെ തെരഞ്ഞെടുപ്പുപ്രകടനപത്രിക കേന്ദ്രസിക്രട്ടറിയേറ്റ് ഇന്നിവിടെ പ്രസിദ്ധീകരിച്ചു.

ആമുഖം, കർഷകപ്രശ്നം, വിദ്യാഭ്യാസം, പൊതുഭരണം, മദ്യനിരോധനം, സംവരണം, പൊതുജനാരോഗ്യം, വ്യവസായം, സഹകരണപ്രസ്ഥാനം, ഭക്ഷ്യപ്രശ്നം, ഗതാഗതം, തൊഴിലാളിക്ഷേമം, അഴിമതിനിരോധനം, രാജ്യരക്ഷ എന്നിവ സംബന്ധിച്ച 14 ഖണ്ഡികകളിലും 39 ഉപഖണ്ഡികകളിലുമായി പാർട്ടിയുടെ പരിപാടികൾ പ്രകടനപത്രികയിൽ സവിസ്തരം വിശദീകരിച്ചിരിക്കുന്നു.

കർഷിതജനതയുടെ വികാരങ്ങളെ പോഷിപ്പിക്കുന്ന ഏതാനും ജനപ്രതിനിധികളെ നിയമസഭയിൽ കടത്തിവിടാനും, തദ്വാരാ പുരോഗമനാത്മകമായ ഒരു കോൺഗ്രസ്സേതര ഭരണത്തിൽ പങ്കുവഹിക്കുവാനും കെ. ടി. പി. ക്ക് സാധിക്കുമെന്ന് പ്രകടനപത്രികയുടെ ആമുഖത്തിൽ പ്രത്യാശ പ്രകടിപ്പിച്ചു.

നിലവിലുള്ള ഭൂപരിഷ്കരണം പൊളിച്ചെഴുതുന്നതും മദ്യവർജ്ജനം സർവ്വത്രികമായി നടപ്പാക്കുന്നതും ഒഴിച്ചാൽ പ്രകടനപത്രികയിലെ മിക്കവാറും കാര്യങ്ങൾ ഇപ്പോൾ നിലവിലുള്ളതുതന്നെയാണ്. ഭൂപരിഷ്കരണനിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നിയമസഭയുടെ പരിഗണനയ്ക്കായി ഇപ്പോൾ സമർപ്പിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ നിയമമായിക്കഴിഞ്ഞാൽ ഭൂപരിഷ്കരണനിയമത്തിൽ ഗണ്യമായ ഭേദഗതികൾ വരുത്തുന്നതാണ്. ഭൂപരിഷ്കരണനിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നിയമസഭയുടെ പരിഗണനയ്ക്കായി ഇപ്പോൾ സമർപ്പിച്ചിട്ടുണ്ടെന്നുള്ള കാര്യം പ്രകടനപത്രികയിൽ പറയുന്നു. പുതുതായി കുടിയേറ്റക്കാരായ എല്ലാകുടുംബങ്ങളേയും അംഗീകരിക്കുന്നതുകൈവശമുള്ള വസ്തുവകകളിൽ സ്ഥിരതാമസമുറപ്പാക്കുംവരെ നല്കുന്നതുമാണെന്നും പ്രകടനപത്രികയിൽപറയുന്നു. പുതുതായി കുടിയേറ്റക്കാരിൽനിന്നും കുടിയിറക്കിവിട്ടവരെ അവിടെതന്നെ പുനരധിവസിപ്പിക്കും.

(പ്രകടനപത്രികയുടെ പൂർണ്ണരൂപം 4_ാംപേജിൽ)

കോമൺവെൽത്ത് സിക്രട്ടറിയേറ്റിന് സ്വതന്ത്ര നിലപാട് വയ്ക്കുവാൻ സ്വരൺസിങ്ങിൻറെ പ്രസ്താവന

(പി ടി ഐ) ന്യൂഡൽഹി ജനു. 16

നിർദ്ദിഷ്ടമായ കോമൺവെൽത്ത് സിക്രട്ടറിയേറ്റിന് ഒരു സ്വതന്ത്ര നിലപാട് ഉണ്ടാകുകയെന്നതിനെ ഇന്ത്യ സ്വാഗതം ചെയ്യുകയില്ലെന്ന് വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് പ്രസ്താവിച്ചിരിക്കുന്നു.

ഈ സിക്രട്ടറിയേറ്റിൻറെ പ്രവർത്തനങ്ങളും ഏതൊരു രാജ്യക്കാരനും ഒരു തെരഞ്ഞെടുപ്പുകമ്മീഷനും നിലപാടും അപലപനീയമാണെന്ന് കേരളാ കോൺഗ്രസ്സ് നേതാവു് കെ. എം. ജോർജ്ജ് ഇന്ന് പത്രലേഖകരോട് പറഞ്ഞു.

രാജ്യരക്ഷാനിയമമനുസരിച്ച് അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്ന നേതാക്കളുടെ പാർട്ടിയായ ഇന്ത്യൻ കമ്മ്യൂ. പാർട്ടിയെ അംഗീകരിച്ച ഇലക്ഷൻ കമ്മീഷൻ 15 എം എൽ എ മാർ ഒപ്പിട്ടകരാർ കേരളാ കോൺഗ്രസ്സിനെ അംഗീകരിക്കാത്തതെന്തുകൊണ്ടാണെന്ന് ജോർജ്ജ് ചോദിച്ചു.

സമാധാനമുന്നണിയുടെ നിർദ്ദേശങ്ങളും നാഗാ അണ്ടർഗ്രൗണ്ട് സ്വാഗതംചെയ്തു

(പി ടി ഐ) കോഹിമ, ജനു. 16

സമാധാനമുന്നണിയുടെ ഒരു പ്രതിനിധിസംഘത്തിൻറെ മുമ്പിലാണ് നിർദ്ദേശങ്ങളടങ്ങിയ മെമ്മോറാണ്ടം സമർപ്പിച്ചത്. ഈ നിർദ്ദേശങ്ങൾ നാഗാ അണ്ടർഗ്രൗണ്ട് നേതാക്കളും സ്വാഗതം ചെയ്തിരിക്കുന്നു.

ഒരു പ്രത്യേക വർഗ്ഗത്തിനു നിലയിൽ തങ്ങളുടെ ജന്മാവകാശമായ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് തങ്ങൾ സമരം ചെയ്യുന്നതെന്നും, അതുകൊണ്ട് നാഗാ മണ്ണിലെ സംഘട്ടനം അവസാനിപ്പിക്കുന്നതിനു് പാറിയ ഒരു സമീപനം ഇന്ത്യാഗവണ്മെണ്ട് സ്വീകരിക്കണമെന്നും നാഗാ നേതാക്കൾ പറയുന്നു.

സമാധാനമുന്നണിയുടെ ഒരുവിലത്തെ നിർദ്ദേശങ്ങളിൽ നാഗന്മാർ ഇന്ത്യൻ യൂണിയനിൻറെ ഒരവിഭാജ്യഘടകമായി നിലകൊള്ളണമെന്ന് ഉപദേശിച്ചിട്ടുണ്ട്. മരണഘോഷചട്ടക്കൂടിനുള്ളിൽനിന്നുകൊണ്ടുതന്ന നാഗന്മാരുടെ അഭിലാഷങ്ങളുടെ പൂർത്തീകരണത്തിനു് മാർഗ്ഗങ്ങൾ കണ്ടുപിടിക്കണമെന്നും സമാധാനമുന്നണിയുടെ നിർദ്ദേശങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

കോങ്കോ_ബൽജിയം ബന്ധങ്ങൾ കൂടുതൽ വഷളാകുന്നു

(റോയിട്ടർ) ബ്രസ്സൽസ് ജനു: 16

കോയിസ് നോന്ധയുടെ ഇക്കിടെയുള്ള ബ്രസ്സൽസ് സന്ദർശനം വീണ്ടും സംഭവങ്ങളിലായന്ന് കോങ്കോളീസ് സ്ഥാനപതി കാര്യാലയം ഇന്നിവിടെ പ്രസ്താവിച്ചു. ബെൽജിയൻ ഗവണ്മെണ്ടുമായി സുപ്രധാനചർച്ചകൾ നടത്തുന്നതിനുവേണ്ടിയാണ് ഇക്കിടെ കോയിസ് ബ്രസ്സൽസ് സന്ദർശിച്ചിരുന്നത്.

നേരത്തെ മാറാവെക്കപ്പെട്ടിരുന്ന കരുസന്ദർശനം കോങ്കോ പ്രധാനമന്ത്രി ഠ ചെയ്തിരിക്കയാണ്, മൻ തീരുമാനമനുസരിച്ച് ഇത ചർച്ച് ഇന്നലെ തുടരേണ്ടിയിരുന്നതായിരുന്നു. ഇന്നു രാത്രി അദ്ദേഹം ബ്രസ്സൽസിൽ എത്തുമെന്നും അഭിജ്ഞവൃത്തങ്ങൾ പിന്നീടു പ്രസ്താവിച്ചുവെങ്കിലും ഔദ്യോഗികമായ അംഗീകരണം വരിച്ചിട്ടില്ല

ബെൽജിയവും കോങ്കോയും തമ്മിലുള്ള രാജ്യീയ സാമ്പത്തിക ബന്ധങ്ങളും കൂടുതൽ വഷളായിവരുന്നുവെന്നതിൻറെ സൂചനയായിട്ടാണ്, സ്ഥാനപതികാര്യാലയം ഇന്നു പുറപ്പെടുവിച്ച പ്രസ്താവന നിരീക്ഷകർ കണക്കിലെടുക്കുന്നതു്.

....

മരണവുമായി പടവെട്ടുന്ന ചർച്ചിൽ

(റോയിട്ടർ) ലണ്ടൻ ജനു: 16

ഗുരുതരമായ വിധത്തിൽ രോഗബാധിതനായ വിൻസ്റ്റൺ ചർച്ചിലിനെ ഇന്നലെ അദ്ദേഹത്തിൻറെ സ്വന്തംവീടായ ചാർട്ടിലുള്ള മോറൻപ്രഭുവും, ഒരു ന്യൂറോളജിസ്റ്റായ ക്ലൈയിൻപ്രഭുവും പരിശോധിക്കുകയുണ്ടായി, ക്ഷീണിതനും, വൃദ്ധനുമായ മൻ പ്രധാനമന്ത്രിയെ പരിശോധിച്ചതിനുശേഷം അവർ ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. ചർച്ചിലിൻറെ സ്ഥിതിയിൽ യാതൊരു മാറ്റവും ഉണ്ടായിട്ടില്ല. അദ്ദേഹം അഗാധമായ നിദ്രയിലാണ്. വേദനയോ, അസുഖമോ അദ്ദേഹത്തിനു് അനുഭവപ്പെടുന്നില്ല. ഇന്നലെ വൈകുന്നേരം പ്രധാനമന്ത്രി ഹരോൾഡ് വിൽസൺ ചർച്ചിലിനെ കാണുകയുണ്ടായി. ചർച്ചിലിൻറെ രോഗവാർത്ത അറിഞ്ഞ പ്രസിഡണ്ട് ജോൺസൺ അതുധികം ഉൽക്കണ്ഠ പ്രകടിപ്പിക്കുകയുണ്ടായി. ചർച്ചിലിൻറെ പുത്രിയും ശ്രീമതിയുമായ സാറാ ചർച്ചിൽ റോമിൽനിന്നു് പിതാവിൻറെ അടുത്തെത്തുവാൻ ജറ് മണിക്കൂർ ദൂരമുണ്ടെന്നുവന്നു. അവർ റോമിൽനിന്നു് സഞ്ചരിച്ച വിമാനം തിരിച്ചു് വിമാനത്തവളത്തിലേക്ക് തന്നെ മടങ്ങി. ഒരു സാങ്കേതികപരിശോധനക്കുശേഷമാണ് വിമാനം വീണ്ടും യാത്രയാരംഭിച്ചത്.

സർ വിൻസ്റ്റൺ ചർച്ചിലിൻറെ ദീർഘമായ ജീവിതകാലം അത്യുഹിതങ്ങളും രോഗങ്ങളും നിറഞ്ഞ ഒന്നായിരുന്നു. പ്രത്യേകിച്ചും ന്യൂമോണിയായും പ്ലൂറസിയും.

രണ്ടാം ലോകമഹായുദ്ധം ഒരുകൂട്ടരിരുന്നു കൊണ്ടിരുന്ന കാലത്തു്—സ്റ്റാലിനും റൂസ്വെൽറ്റുമായി 1943_ൽ ടെഹറാനിൽവെച്ചു് നടത്തിയ കൂടിക്കാഴ്ചക്കുശേഷം—ചർച്ചിൽ ന്യൂമോണിയ പിടിച്ചു കിടപ്പിലായി. ആ രോഗം അദ്ദേഹത്തെ മരണംവരെ ഏതാണ്ടു് പിച്ചു. പ്രായത്തെ സമ്മേളനത്തിൽ പങ്കെടുത്തശേഷം മടങ്ങുന്ന അവസരത്തിലാണ് ന്യൂമോണിയ പിടിപെട്ടതു്. യുദ്ധാനന്തരം ലേബർ ഗവർണ്മെണ്ടിനെ അധികാരത്തിൽനിന്നു് അദ്ദേഹത്തിൻറെ മാർ ചർച്ചിലിൻറെ കീഴിലുള്ള കൺസർവേറ്റീവ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം വീണ്ടും പ്രധാനമന്ത്രിയായി. അസുഖങ്ങളായ പല മരുന്നുകളും അവിടെ എത്തി. ഒരു സംഘം ഡോക്ടർമാരും നേർസുമാരും അദ്ദേഹത്തിൻറെ ജീവനുവേണ്ടി പോരാടി.

പക്ഷെ മരണത്തെ പരാജയപ്പെടുത്താൻ തൻറെ അപ്രതിരോധ്യമായ സമരവീര്യം ചർച്ചിൽ ശരിക്കും ഉപയോഗിച്ചു. തൻറെ ആരോഗ്യനിലയെപ്പറ്റി അദ്ദേഹത്തിനു വ്യക്തമായ ധാരണയുണ്ടായിരുന്നു. ഒരു സന്ദർശകനോടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു. 'ഞാൻ മരിക്കുകയാണെങ്കിൽ എനിക്കിപ്പോൾ അങ്ങിനെ തോന്നുന്നു ജീവിതം അവസാനിപ്പിക്കുവാൻ ഇതു മനോഹരമായ ഒരു സ്ഥലം മരാറവിടെയുണ്ട്?'

പക്ഷേ അദ്ദേഹം മരിച്ചില്ല. ക്രമേണ അദ്ദേഹത്തിനു് സുഖപ്രാപ്തി കൈവന്നു ആരോഗ്യം വീണ്ടെടുക്കാൻ മനോരാക്കിയിലുള്ള മാരക്കേഷ് എന്ന സ്ഥലത്തേക്ക് അദ്ദേഹം യാത്രചെയ്തു. തൻറെ പൂച്ചശ്രേഷ്ഠനായ ന്യൂമോണിയ, പ്ലൂറസി എന്ന മരാരോഗ്യത്താൽ അനേകതവണയായി അദ്ദേഹത്തിൻറെ മേൽ മരാരാരാക്രമണം നടത്തി. യുദ്ധാനന്തരം 1958ൽ ഫ്രാൻസിലെ റോക്ക്ബ്രൂൺ എന്ന സ്ഥലത്തു് ഒഴിവുകാലം ചിലവഴിക്കുമ്പോഴാണ് അദ്ദേഹം അവസാനമായി ആക്രമിക്കപ്പെട്ടത്. ഈ ആക്രമണത്തിൽ അദ്ദേഹത്തിൻറെ ശരീരം ഏതാണ്ടു് തളർന്നുപോയി. പക്ഷേ പ്രായവും മരാ ശാരീരികാവശതകളും അദ്ദേഹത്തിനുവേണ്ടി കാത്തുനിന്നില്ല. 1963_ൽ പൊതുജീവിതത്തിൽനിന്നും അദ്ദേഹം വിരമിച്ചു.

....

രക്ഷാസമിതിയിലെ നയം പോർച്ചുഗൽ എതിർക്കുന്നു

(റോയിട്ടർ)

ഐക്യരാഷ്ട്രസംഘടനയിൽ ജനുവരി ഒന്നിനുശേഷം നിലവിലിരിക്കുന്ന രക്ഷാസമിതിയിലെ അംഗരാജ്യങ്ങളുടെ സംയുക്തയെ പോർച്ചുഗൽ ചോദ്യംചെയ്തിരിക്കുന്നു. അതുകൊണ്ട് രക്ഷാസമിതി എടുക്കുന്ന തീരുമാനങ്ങളും പോർച്ചുഗലിനു് ബാധകമല്ലെന്നു് ലിസ്ബൺ ഗവണ്മെണ്ടു് പറഞ്ഞു. ഡിസംബറിൽ രക്ഷാസമിതിയിലേക്ക് പുതിയ അംഗങ്ങളെ തെരഞ്ഞെടുത്തതു്. ചട്ടപ്രകാരമുള്ള മൂന്നിൽ രണ്ടുഭാഗം വോട്ടുകളുടെ ഭൂരിപക്ഷത്തോടുകൂടിയാണിതു നടന്നതു്, ഒരു പൊതുസമ്മതത്തിൻറെ അടിസ്ഥാനത്തിലാണെന്നുമാണ് പോർച്ചുഗലിൻറെ വാദം. പോർച്ചുഗലിൻറെ ആഫ്രിക്കൻ പ്രദേശങ്ങളെ സംബന്ധിച്ച് രക്ഷാസമിതിയിൽ നടക്കുന്ന ചർച്ചയും ഇന്നു പുറപ്പെടുവിച്ച പ്രസ്താവനയിൽ പോർച്ചുഗൽ വ്യക്തമാക്കിയിട്ടുണ്ട്.

....

അയുബ് ചൈനയിലേക്ക്

കറാച്ചി ജനുവരി 16

ജനകീയ ചൈന സന്ദർശിക്കുന്നതിനുള്ള ഒരു ക്ഷണം താൻ സ്വീകരിച്ചിട്ടുണ്ടെന്നു് പ്രസിഡണ്ട് അയൂബ്ഖാൻ ഇവിടെ പത്രക്കാരോടു് പറഞ്ഞു. സോവിയറ്റ് സന്ദർശിക്കുന്നതിനു്മുമ്പ് തന്നെ താൻ ചൈനയിൽ പോകുമെന്നു് അദ്ദേഹം പ്രസ്താവിച്ചു.

അടുത്തു് വരുന്ന ആഫ്രോ_ഏഷ്യൻ സമ്മേളനത്തിലും അയൂബ് പങ്കെടുക്കുന്നതാണു്. ഐക്യരാഷ്ട്രങ്ങളിൽ നിന്നു് വിട്ടു് പോകുന്നതിനുള്ള ഇന്തോനേഷ്യയുടെ തീരുമാനത്തെപ്പറ്റി എന്തെങ്കിലും അഭിപ്രായം പറയുവാൻ അയൂബ് വിസമ്മതിച്ചു. (റോയിട്ടർ)

....

ടാൻസനിയ അമേരിക്കൻ നയതന്ത്രജ്ഞരെ പുറത്താക്കുന്നു

[റോയിട്ടർ] ദാറസലാം, ജനു 16

രണ്ടു് അമേരിക്കൻ നയതന്ത്രജ്ഞന്മാർ 24 മണിക്കൂറിനുള്ളിൽ രാജ്യം വിടണമെന്നു് ടാൻസാനിയ ഗവണ്മെണ്ടു് ആജ്ഞാപിച്ചിരിക്കുന്നു. അട്ടിമറി പ്രവർത്തനങ്ങളാണു് അവരിൽ ആരോപിച്ചിട്ടുള്ള കുറ്റം. ദാറസലാമിലുള്ള അമേരിക്കൻ എമ്പസിയിലെ കൌൺസിലർ റോബർട്ട് ഗോഡ്നോ സാൻസിബാറിലെ കോൺസൽ ഫ്രാങ്ക് കാർലൂസിയുമാണ്.

—o—

നാലാംപദ്ധതിക്കുള്ള കരുപ്പു്

പി ടി ഐ ന്യൂഡൽഹി, ജ 16

പദ്ധതികാലം വേണ്ടെന്നു വന്ന പദ്ധതികാലം മുഴുപ്പിച്ചിരിക്കുന്നതിനുള്ള കാലയളവു് അവ സാമ്പത്തികസ്ഥിതിയിന്മേൽ ഉണ്ടാക്കുന്ന പ്രതികരണം ആസൂത്രണവും സാമ്പത്തികനയങ്ങളുമായി ബന്ധപ്പെടുത്തുക് ഭാവിയെ സംബന്ധിക്കുന്ന വ്യക്തമായ കാഴ്ചപ്പാടു് ഇവയെ യുംകാര്യങ്ങളിൽ ഒരു പഞ്ചവത്സരപദ്ധതി അധുനാതനമായിരിക്കണമെന്നു് ആസൂത്രണത്തേയും പദ്ധതിയുടെ നിപ്പിനെത്തേയും സംബന്ധിക്കുന്ന ഒരു കാഴ്ചപ്പാൽ പ്രസ്താവിച്ചിരിക്കുന്ന പ്ലാനിങ്കമ്മീഷൻ അംഗമായ ത്രിലോക് സിങ്ങാണ് ഇക്കാര്യം തയ്യാറാക്കിയിട്ടുള്ളതു്. ദേശീയവികസനസമിതിഅംഗങ്ങൾക്കിടയിൽ അതു് വിതരണംചെയ്തിട്ടുണ്ടു്.

—o—

സംവാദങ്ങളിൽ തങ്ങാം പങ്കെടുക്കുകയില്ലെന്നും പോർച്ചുഗൽ വ്യക്തമാക്കിയിട്ടുണ്ടു്.

....

കെ.ടി.പി_എം.കെ.യു. സ്ഥാനാർത്ഥികൾ 27 മണ്ഡലങ്ങളിൽ മത്സരിക്കും

സംയുക്ത തെരഞ്ഞെടുപ്പ് കമ്മറ്റി കൺവീനർ എം. എം. തോമസ്സിൻറെ പ്രസ്താവന

(സ്വന്തം ലേഖകൻ) എറണാകുളം, ജനുവരി 16

അടുത്ത തെരഞ്ഞെടുപ്പിൽ താഴെപ്പറയുന്ന നിയോജകമണ്ഡലങ്ങളിൽ കർഷകതൊഴിലാളിപ്പാർട്ടിയുടേയും മലനാട് കർഷകയൂണിയൻറേയും സ്ഥാനാർത്ഥികൾ മത്സരിക്കുന്നതാണെന്ന് കെ. ടി. പി._എം. കെ. യു. സംയുക്തതെരഞ്ഞെടുപ്പ്കമ്മറ്റി കൺവീനർ അഡ്വ. എം എം തോമസ്സ് പ്രസ്താവിച്ചിരിക്കുന്നു

കോട്ടയംജില്ല: ഉഴവൂർ, പുഞ്ചാർ, കാഞ്ഞിരപ്പള്ളി, പാല, അകലക്കുന്നം, കടുത്തുരുത്തി, ചങ്ങനാശ്ശേരി, കരിമണ്ണൂർ,

ആലപ്പുഴജില്ല: കല്ലുപ്പാറ.

എറണാകുളംജില്ല: കോതമംഗലം, തൊടുപുഴ, അങ്കമാലി, പള്ളുരുത്തി, മട്ടാഞ്ചേരി, ഞാറയ്ക്കൽ, വടക്കേക്കര.

തൃശ്ശൂർജില്ല: മാള, കൊടകര, തൃശ്ശൂർ, കുന്നംകുളം, ഗുരുവായൂർ, മണലൂർ, ചേർപ്പ് ചാലക്കുടി

മലബാർപ്രദേശം: കല്പറ്റ, തളിപ്പറമ്പ്, തോല്പ്പെട്ടിവയനാടു്.

ഏഷ്യൻ സമാധാനസമിതി ക്ഷണ സന്ദേശം

ടോക്കിയോവിൽ സ്ഥാപിക്കണമെന്നു് ആവശ്യം

(പി ടി ഐ) ടോക്കിയോ, ജ 16

ഏഷ്യൻ സമാധാന നിരീക്ഷണസന്ദേശം ടോക്കിയോവിൽ സ്ഥാപിക്കണമെന്നും ജപ്പാനിനു് പ്രധാനമന്ത്രി ഇസാക്കുസോമാറാ ഐക്യരാഷ്ട്രസംഘടനാ സിക്രട്ടറി ജനറൽ ഉതാണ്ടിനോടു് നിർദ്ദേശിച്ചിരിക്കുന്നു.

ഈ നിർദ്ദേശം ഐക്യരാഷ്ട്രങ്ങളിൽ ഉന്നയിക്കണമെന്നും ഏഷ്യൻ രാഷ്ട്രങ്ങളുടെ പ്രതികരണം അറിയുവാൻ ജപ്പാനീസ് പ്രധാനമന്ത്രിക്കു് ഉപദേശം നൽകുന്നു.

സാരാരാ ഇന്നലെ ഉതാണ്ടിനെ സന്ദർശിച്ച അവസരത്തിലാണ് ഈ നിർദ്ദേശം ഉന്നയിക്കപ്പെട്ടതു്. ഈ കാര്യം രക്ഷാസമിതിയിൽവെക്കുവാൻ സാരാരായോടു് ഉതാണ്ടു് പറഞ്ഞു.

ഉതാണ്ടിൻറെ പ്രതികരണത്തിൽ ജപ്പാനീസ് വിദേശകാര്യാലയം നിരാശ പ്രകടിപ്പിച്ചു.

കടുത്ത ശിശുപ്രശ്നം അനിശ്ചിതാവസ്ഥയിൽത്തന്നെ

— യുതാണ്ട്

(പി ടി ഐ) ഐക്യരാഷ്ട്രങ്ങൾ, ജനു: 15

ഐക്യരാഷ്ട്രസംഘടനയുടെ സമാധാനസംരക്ഷണച്ചിലവുകളിൽ ചില രാഷ്ട്രങ്ങൾ ഉണ്ടാക്കിയുള്ള വരുത്തിയതിനെത്തുടർന്നുണ്ടായ രാഷ്ട്രീയ പ്രതിസന്ധിയെപ്പറ്റി ബന്ധപ്പെട്ട രാഷ്ട്രങ്ങളുടെയിടയിൽ ഇതുവരെ അഭിപ്രായൈക്യമുണ്ടായിട്ടില്ലെന്ന് സെക്രട്ടറി ജനറൽ യുതാണ്ടു് ഇന്നറിയിച്ചു.

ഐക്യരാഷ്ട്രസംഘടനയുടെ പത്രലേഖക അസോസിയേഷൻറെ പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും നല്കിയ ഒരു സ്വീകരണത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സംഘടനയുടെ യഥാർത്ഥമായ സാമ്പത്തികപിന്തുണ ജനുവരി 18_ന് ജനറൽ അസംബ്ലിയിൽ താൻ അവതരിപ്പിക്കുമെന്ന് അദ്ദേഹം പറഞ്ഞു. ഈ പ്രശ്നത്തെയും പദ്ധതിയുടെ നിപ്പിനെയും സംബന്ധിച്ച് പരസ്പരവിരുദ്ധമായ രാഷ്ട്രാഭിപ്രായങ്ങൾ നിലനിൽക്കുന്നതിനാൽ ഈ പ്രശ്നം ഒരു പ്രതിസന്ധിയിലെത്തിച്ചേരുമെന്നു് താൻ ഭയപ്പെടുന്നതായി യുതാണ്ടു് പറഞ്ഞു.

ഐക്യരാഷ്ട്രസഭ തന്നെ ഏല്പിച്ചിട്ടുള്ള മുതലകളും കത്തുകളും മുടങ്ങാതെ നിറവേറ്റിക്കൊണ്ടിരിക്കുന്നതിനുള്ള ശ്രമത്തിലാണ് താനെന്നു് അദ്ദേഹം പറഞ്ഞു.

ഒരു അമേ. വിമാനംകൂടി വെടികൊണ്ടു് വീണു

[ഏ എഫ് പി] പാരിസ് ജനു. 16

ലാവോസിനു മുകളിൽവെച്ച മരാറാരു അമേരിക്കൻവിമാനത്തെകൂടിവെടിവെച്ചുവീഴ്ത്തിയെന്ന് ന്യൂഭരപാ ന്യൂസ് ഏജൻസി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സീനോ കമ്മ്യൂണിസ്റ്റുകളിൽവെച്ച ലാവോഷ്യൻ ദേശീയശക്തികളുടെ വിമാനസേന യുനിറ്റാകും അമേരിക്കയുടെ ഒരു ഠ_28 വിമാനം വെടിവെച്ചുവീഴ്ത്തിയെന്ന വോയ്സ് ഓഫ് ലാവോസ് റേഡിയോ പറഞ്ഞു. ജനുവരി 12 നു് അമേരിക്കയുടെ രണ്ടു് നിരവിമാനങ്ങളും ലാങ്കേ നഗരത്തെ ബോമ്പു് ചെയ്തു. അവക്ക് താഴെനിന്നുള്ള ശക്തിയായ വെടിവെപ്പിനെ നേരിടേണ്ടിവന്നതായാണ് റിപ്പോർട്ട്.

സായുധ സേനാചട്ടങ്ങളിൽ ഒരു കാലായുധി നീട്ടുന്നു

(പി ടി ഐ) ന്യൂഡൽഹി, ജനു. 16

നാഗാളണ്ടിയെ സംബന്ധിക്കുന്ന സായുധസേനാ പ്രത്യേക ചട്ടങ്ങളുടെ കാലായുധി ഒരു കൊല്ലത്തേക്കുകൂടി നീട്ടുവാൻ ഗവണ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു. സിവിൽ അധികൃതരെ കാര്യക്ഷമമായി സഹായിക്കുന്നതിനു് സായുധസേനകളിലെ ചില ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക അധികാരം നൽകിയിട്ടുള്ളതാണ് ഈ ചട്ടങ്ങൾ.

Chakolas SILK HOUSE TRICHUR & ERNAKULAM

for WEDDING SAREES



തുമ്പപ്പൂവിൻറെ ധാവള്യവും ചന്ദ്രശലഭത്തിൻറെ ശബളിമയുംചേർന്ന പുതുവസ്ത്രങ്ങൾക്കു്

സമീപിക്കുക:

കുറിച്ചാക്കു ലോന അന്തോണി സൺസ്

ESTD 1934 ഫോൺ 841 പി. ഒ. റോഡ്, ബസ്സ്റ്റാൻറിനു് സമീപം, തൃശ്ശൂർ_1

തൊഴിലാളി

[illegible] 90
[illegible] 125
[illegible] 455

1965 ജനുവരി 17-ാംനു- ഞായർ

നല്ല മാതൃക

....

തിരുവനന്തപുരത്തു് സ്റ്റാൻഡേർഡ് ഊണു നൽകിവരുന്ന സമ്പ്രദായം ഉൽഘാടനം ചെയ്യപ്പെട്ടിട്ട് ഏതാനും ആഴ്ചകളായി. ചപ്പാത്തിയും അതോടൊപ്പം ചോറും കറികളുമാണ് 40 പൈസക്ക് പ്രസ്തുത ഹോട്ടലിൽ നൽകിവരുന്നതെന്നും കേട്ടുകഴിഞ്ഞിട്ടുണ്ട്; ചിലരൊക്കെ പതിവായി അനുഭവിച്ചുവരുന്നുമുണ്ട്. സ്റ്റാൻഡേർഡ് ഹോട്ടലിൽ നൽകപ്പെടുന്ന വിഭവങ്ങളുടെ സ്വഭാവവും അതിന് വാങ്ങുന്ന വിലയുംകൂടി തട്ടിച്ചുനോക്കുമ്പോൾ അതു ഹോട്ടലുകളെ ആശ്രയിച്ച് ജീവിക്കുന്ന തലസ്ഥാനനഗരിയിലെ വളരെ അധികം ജനങ്ങൾക്ക് വലിയ ആശ്വാസമാണെന്നു സർവ്വസമ്മതമായ സത്യമാണ്.

പ്രസ്തുത ഹോട്ടലിൽ ഇക്കഴിഞ്ഞ ദിവസം വലിയൊരു സംഭവമുണ്ടായി. നമ്മുടെ കേരള ഗവർണ്ണർ വി. വി. ഗിരി തന്നെ അക്കൂട്ടു, മുന്നറിയിപ്പൊന്നും കൂടാതെ കയറിച്ചെന്നു് അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന പത്രപ്രതിനിധികളോടൊപ്പം ഊണുകഴിക്കുകയുണ്ടായി. ഈ സംഘത്തിലുണ്ടായിരുന്ന പന്ത്രണ്ടു പേരുടെ ഭക്ഷണത്തിന്റെ വിലയായ 4 ക. 80 പൈസ ഗവർണ്ണർ തന്നെ കൊടുത്തു് രസീതി എഴുതിവാങ്ങുകയും ചെയ്തു. എത്രയോ അനുകരണീയമായ ഒരു മാതൃകയാണ് അദ്ദേഹം നൽകിയതെന്നും, അതിന്റെ പ്രാധാന്യവും എത്രയെന്നും ചിന്തിക്കുന്നവർ അക്കാര്യത്തിൽ സന്തോഷം കൊള്ളുകയാണ്. പൊതുജനങ്ങളെ വന്നുചേരുന്ന ഇത്തരം വിശിഷ്ടവ്യക്തികൾക്കുവേണ്ടി പ്രത്യേകം സജ്ജീകരണങ്ങളൊന്നും സാദ്ധ്യമല്ലാത്തതുകൊണ്ടു് സ്റ്റാൻഡേർഡ് ഹോട്ടലിലെ സ്റ്റാൻഡേർഡ് യഥാർത്ഥം ഗ്രഹിക്കാൻ അതിഥികൾക്ക് സാധിക്കുമല്ലോ. ഹോട്ടൽ ഉടമ പാലിക്കണമെന്നു പ്രതീക്ഷിക്കുന്ന നിലവാരം നിർവ്വിഘ്നം പുലർത്തിക്കൊണ്ടുപോകുന്നതിന് ഇത്തരം ആകസ്മിക സന്ദർശനങ്ങൾ വളരെ നല്ലതാണ്. കാറിൽ കറങ്ങൽപ്പിന്നെ സാധാരണക്കാർ കഴിക്കുന്ന ആഹാരത്തിൽ പങ്കുകൊള്ളാനോ അവർ സഞ്ചരിക്കുന്ന വാഹനങ്ങളിൽ കയറാനോ സന്നദ്ധത പ്രകടിപ്പിക്കാറില്ലാത്ത നമ്മുടെ ജനകീയ മന്ത്രിമാർക്ക് ഇതു നല്ലൊരു മാതൃകയാണ്.

ഊണു കഴിഞ്ഞു് പോരുമ്പോൾ ഗവർണ്ണർ അഭിപ്രായപ്പെട്ട കാര്യമിതാണ്: ഓരോ പട്ടണത്തിലും ഇത്തരം ഓരോ സ്റ്റാൻഡേർഡ് ഹോട്ടലും ബേക്കറിയും ഉണ്ടാകേണ്ടതാണെന്നു്. ഇക്കാര്യത്തെപ്പററി എഴുതാനായി ... ഈ പംക്തിയിൽത്തന്നെ മുമ്പേ ആവശ്യപ്പെട്ടിട്ടുള്ളതാണ് ഈ കാര്യം. ഇനിയെങ്കിലും ഇപ്രകാരമുള്ള സജ്ജീകരണങ്ങൾ എല്ലാ പട്ടണങ്ങളിലും ചെയ്യുവാൻ ഡിസ്ട്രിക്ട് അധികാരികൾ ശ്രമിച്ചാൽ നാട്ടുകാർക്ക് അതൊരനുഗ്രഹമായിരിക്കും.

പ്രതിരോധ വ്യവസായം

കഴക്കൂട്ടത്തുള്ള സൈനിക സ്കൂൾ ഇന്ത്യൻ പ്രതിരോധമന്ത്രി ചവാൻ അടുത്ത ദിവസം സന്ദർശിക്കുകയുണ്ടായി. സ്കൂളിന്റെ പ്രവർത്തനത്തിൽ അതീവസംതൃപ്തി അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. ചൈനയുടെ ആക്രമണ ഭീഷണി ഇനിയും കുറഞ്ഞിട്ടില്ലെന്നും, മിഗ് നിർമ്മാണത്തിന്റെ റഷ്യൻ പദ്ധതി പരിപാടി അനുസരിച്ചു് പ്രതിരോധ ... വിശദമായി പ്രസ്താവിക്കുകയുണ്ടായി. മിഗ് വ്യവസായശാല സ്ഥാപിക്കുന്നതിൽ റഷ്യക്കാർക്ക് വലിയ താല്പര്യമുണ്ടെന്നും അവരുടെ നയത്തിൽ എന്തെങ്കിലും വ്യത്യാസം വന്നിട്ടുള്ളതായി അറിവില്ലെന്നും ചവാൻ കൂട്ടിച്ചേർത്തു.

അതിനിടക്കാണ് ഒരു പത്രപ്രതിനിധി ചോദിക്കുന്നതു്. കേരളത്തിൽ പ്രതിരോധവ്യവസായങ്ങളൊന്നും ഇതുവരെ സ്ഥാപിച്ചിട്ടില്ലല്ലോ എന്നും അതെന്തു് ഇവിടെക്കായിക്കൂടാ എന്നും. അതിനദ്ദേഹം പറഞ്ഞ മറുപടി ഇക്കാര്യത്തെപ്പററി കേരള ഗവർമ്മെണ്ടു് അപേക്ഷിച്ചിട്ടുണ്ടെന്നും അപ്രകാരമൊന്നു് ഇവിടെ സ്ഥാപിക്കാൻ ആലോചിക്കുമ്പോൾ ഇക്കാര്യവും പരിഗണിക്കാമെന്നുമാണ്.

പല കാരണങ്ങൾകൊണ്ടും അത്തരമൊരു വ്യവസായത്തിന് പററിയ ഒരു പ്രദേശമാണ് കേരളം. കൊച്ചിയോട്ടുള്ള ഒരു ഒന്നാംതരം തുറമുഖമുള്ള കേരള സംസ്ഥാനം ഇന്ത്യയുടെ രാജ്യരക്ഷാ ശ്രമങ്ങളിൽ വലിയൊരു പങ്ക് വഹിക്കേണ്ടിവരുമെന്നതു് സാധാരണക്കാരെപ്പോലും അറിവുള്ള പരമാർത്ഥമാണ്. കടൽത്തീരങ്ങളെ അവഗണിച്ചിട്ട് ഇക്കാലത്തു് പ്രതിരോധത്തെപ്പററി സംസാരിക്കുന്നതു തന്നെ അസംഗതമാണ്. പ്രതിരോധത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ ഒന്നാണ് കേരളമെന്നിരിക്കെ പ്രതിരോധത്തിനുള്ള ആയുധനിർമ്മാണശാലകളിലൊന്നു് ഇവിടെ സ്ഥാപിക്കേണ്ടതാവശ്യമാണ്.

രണ്ടാമതായി പ്രതിരോധ വ്യവസായശാലയും ഒരു വ്യവസായമാണല്ലോ. ഇന്ത്യയിലെ വ്യവസായശാലകളുടെ വിതരണത്തിൽ, അതു് പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ ആയാലും ഏററവും കുറഞ്ഞ വിഹിതമേ കേരളത്തിനിതേവരെ കിട്ടിയിട്ടുള്ളു എന്നതു് എല്ലാവരും സമ്മതിക്കും. അഭ്യസ്തവിദ്യരെ എത്രയെങ്കിലും കിട്ടാൻ സാദ്ധ്യതയുള്ള ഈ നാട്ടിൽ, തൊഴിലില്ലായ്മ ധാരാളമുള്ള ഈ നാട്ടിൽ പ്രതിരോധ വ്യവസായശാലയുടെ സ്ഥാപനം ഒന്നാമതായി അതിന്റെ പ്രവർത്തനം സുഗമമായിരിക്കും, രണ്ടാമതായി തൊഴിലില്ലായ്മക്ക് ചെറിയ തോതിലെങ്കിലും പരിഹാരമാകും.

ഇക്കാര്യങ്ങളൊക്കെ പരിഗണിച്ചു് അത്തരമൊരു വ്യവസായം ആരംഭിക്കാൻ കേന്ദ്രസർക്കാർ സഗൗരവം ആലോചിക്കുകയും, അതിനുള്ള സമ്മർദ്ദം കേരളസർക്കാർ ചെലുത്തുകയും വേണം.

....o....

ഹരിജനോദ്ധാരണ സംഘടനകളുടെ ശ്രദ്ധയ്ക്കു്

തൃശ്ശൂർ, ജന. 15

ഹരിജനോദ്ധാരണപ്രവർത്തനം നടത്തുന്ന രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള തൃശ്ശൂർ ജില്ലയിലെ എല്ലാ സ്ഥാപനങ്ങളും സംഘടനകളും അവയെ സംബന്ധിക്കുന്ന പൂർണ്ണവിവരങ്ങൾ വെൽഫെയർ ആപ്പീസിൽ അറിയിക്കേണ്ടതാണെന്നു് തൃശ്ശൂർ ജില്ലാ വെൽഫെയർ ആഫീസർ ഒരു അറിയിപ്പിൽ പറഞ്ഞിരിക്കുന്നു.

—o—

കോമ്പൻസേഷൻ കൊടുക്കാൻ തീരുമാനിച്ചു

ഡി. എ. പ്രശ്നത്തിൽ തൊഴിലാളികളുടെ വാക്കൗട്ട്

(സ്വ.ലേ) ആലപ്പുഴ ജന. 16

കെ. ഡബ്ല്യു. റ്റി. സി.യുടെ ഡയറക്ടർ ബോർഡ് യോഗം ഇന്നു ശ്രീ ജോർജ്ജ് തോമാസ്സിന്റെ അദ്ധ്യക്ഷതയിൽ ഗസ്റ്റ് ഹൗസിൽ വച്ചു കൂടുകയുണ്ടായി. കോർപ്പറേഷനിൽ നിന്നും 58 വയസ്സുതികയുന്ന മുറയ്ക്കു പിരിഞ്ഞുപോകുന്നവർക്കും, സ്വയമായിപിരിഞ്ഞു പോകുന്നവർക്കും, ഒരു വർഷത്തേക്കു് 15 ദിവസത്തെ ശമ്പളം കോമ്പൻസേഷൻ (കെ. ഡബ്ല്യു. റ്റി. സി. സർവ്വീസ് അനുസരിച്ചു) കൊടുക്കുന്നതിനു തീരുമാനിച്ചു.

വില വർദ്ധനവനുസരിച്ചു് താഴ്ന്ന വരുമാനക്കാർക്കു ഈ കോർപ്പറേഷനിലെ ഗവർമ്മെന്റ് ജീവനക്കാർക്ക് കൊടുക്കുന്നതു പോലെയെങ്കിലും സ്ഥാപനത്തിലെ മററുള്ള ജോലിക്കാർക്കും ഡി. എ. അനുവദിക്കണമെന്ന വാദം ബോർഡ് തള്ളിക്കളയുകയാണുണ്ടായതു്. ഈ പ്രശ്നത്തിന്റെ പേരിൽ തൊഴിലാളി പ്രതിനിധികൾ ഒരു വാക്കൗട്ട് നടത്തുകയുണ്ടായി.

ചിലവു ചുരുക്കുന്നതിന് ഷയർ ഉടമകളും യൂണിയനും മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ ബോർഡിലെ ഗവർമ്മെന്റ് പ്രതിനിധികൾ അംഗീകരിച്ചു നടപ്പാക്കാതിരുന്നതാണ് നഷ്ടത്തിനു കാരണമെന്നു്, ബോർഡ് സമർപ്പിച്ച ലാഭനഷ്ടക്കണക്കവതരണ വേളയിൽ തൊഴിലാളി പ്രതിനിധി എം. കെ. പന്ദ്രസേനൻ വാദിക്കുകയുണ്ടായി എന്നറിയുന്നു.

....

തൃശ്ശൂർ ജില്ലാ പഞ്ചായത്തു സെമിനാർ

ജന. 17നു് കലക്ടർ ഉൽഘാടനം ചെയ്യും

തൃശ്ശൂർ, ജ: 15

തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തു പ്രസിഡണ്ടുമാരുടെ ഏകദിന സെമിനാർ ജനുവരി 17-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് തൃശ്ശൂർ മോഡൽ ഗേൾസ് ഹൈസ്കൂളിൽവച്ചു ജില്ലാ കളക്ടർ ശ്രീ എൻ. ശ്രീധരൻനായർ ഉൽഘാടനം ചെയ്യുന്നതാണ്. ഉൽഘാടനസമ്മേളനത്തിൽ പഞ്ചായത്തു ഡയറക്ടർ ശ്രീ ആർ. കേശവൻനായർ അദ്ധ്യക്ഷം വഹിക്കും.

... ---

ബി. ഡി. സി. യോഗങ്ങൾ

തൃശ്ശൂർ, ജ: 15

പഴയന്നൂർ, അന്തിക്കാട്, മുല്ലശ്ശേരി എന്നീ ബ്ലോക്കുകളിലെ ഡെവലപ്പ്മെന്റ് കമ്മിററികൾ യഥാക്രമം ജനുവരി 20, 21, 23, എന്നീ തീയതികളിൽ പ്രോജക്ട് ഡെവലപ്പ്മെന്റ് ആഫീസർ ശ്രീ എം. പി. കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുന്നതാണ്.

ചേർപ്പ് വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ജനുവരി 23-ാം തീയതി ശനിയാഴ്ച പനങ്കുളം ... സ്കൂളിൽവച്ചു് ഒരു കന്നുകാലി പ്രദർശനം നടത്തപ്പെടുന്നതാണ്.

—

ഇന്ത്യയിലെ പാർപ്പിട പ്രശ്നം

നഗരങ്ങളിൽ മാത്രം 580 ലക്ഷം വീടുകൾ പുതുതായി പണിയണം

നമ്മുടെ പഞ്ചവത്സരപദ്ധതിയിലെ വികസന പരിപാടികളിൽ ഭവനനിർമ്മാണത്തിനു് വലിയ പ്രധാന്യം കല്പിച്ചിട്ടുണ്ട്. 1947 വരെ ഭവനനിർമ്മാണം വ്യക്തിപരമായൊരു ഉത്തരവാദിത്വമായാണു് പരിഗണിച്ചുവന്നതു്. രണ്ടാം ലോകമഹായുദ്ധകാലത്തു് കെട്ടിടനിർമ്മാണത്തിലുണ്ടായ സ്തംഭനവും ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധനവും അതോടൊപ്പംതന്നെ പാകിസ്ഥാനിൽനിന്നുണ്ടായ അഭയാർത്ഥിപ്രവാഹവും കാരണം ഈ പ്രശ്നം കൂടുതൽ സങ്കീർണ്ണമായിത്തീർന്നു.

1952 ൽ ഇന്ത്യാ ഗവർമ്മെണ്ടു് കേന്ദ്രത്തിൽ ഒരു ഭവനനിർമ്മാണവകുപ്പ് രൂപവല്ക്കരിച്ചു. നഗരപ്രദേശങ്ങളിൽ രണ്ടുതരം ഭവനനിർമ്മാണ പദ്ധതികൾ ഏർപ്പെടുത്തിക്കൊണ്ടു് ഒന്നാം പദ്ധതികാലത്തു് ഒരു എളിയ തുടക്കമിട്ടു. രണ്ടാം പദ്ധതിക്കാലത്തു് കൂടുതൽ പദ്ധതികൾ നടപ്പാക്കുകയുണ്ടായി. ഭവനനിർമ്മാണപരിപാടി, മൂന്നാം പദ്ധതിക്കാലത്തു ഭാവി പദ്ധതികളിൽ കൂടുതൽ വികസനം കൈവരിക്കുന്നതിനുള്ള അടിത്തറയാകത്തക്കവിധം വിപുലപ്പെടുത്തി.

ജനസംഖ്യാ വർദ്ധനവ്

1951 ൽ ജനസംഖ്യ 36.11 കോടിയായിരുന്നതു് 1961 ൽ 43.92 കോടിയായി വർദ്ധിച്ചു. ഈ ദശകത്തിലെ വർദ്ധനവിന്റെ നിരക്ക് ഏകദേശം 22 ശതമാനമായിരുന്നു.

1961 ലെ കാനേഷുകുമാരിയനുസരിച്ച്, നഗരപ്രദേശങ്ങളിൽ 103 ലക്ഷം വീടുകളും ഉണ്ടായിരുന്നു. ഇവയിൽ വലിയൊരു ഭാഗം മോശമായ വീടുകളായിരുന്നു.

ഭവന നിർമ്മാണത്തിന്റെ നിലവാരത്തെ സംബന്ധിച്ചിടത്തോളം, നാട്ടിൻപുറങ്ങളിൽ 73 ശതമാനവും 2 ശതമാനവും നഗരപ്രദേശങ്ങളിൽ 23 ശതമാനവും 8 ശതമാനവും ജനങ്ങൾ യഥാക്രമം മോശപ്പെട്ട വീടുകളിലും നല്ല വീടുകളിലുമാണ് താമസിക്കുന്നതെന്നു് നാഷണൽ സാമ്പിൾ സർവ്വേ റിപ്പോർട്ടുകൾ വെളിപ്പെടുത്തിയിരിക്കുന്നു. ബാക്കിയുള്ളവരുടേതു് ഇടത്തരം വീടുകളായിരുന്നു.

ഓരോ മുറിയിലേയും ജനസാന്ദ്രത നാട്ടിൻപുറങ്ങളിൽ 2.4-ം നഗരപ്രദേശങ്ങളിൽ 2.2ഉം ആയിരുന്നു. നഗരപ്രദേശങ്ങളിൽ ആളൊന്നുക്ക് ശരാശരി 70 ചതുരശ്ര അടി തറ വിസ്താരമുള്ള താമസസ്ഥലം ലഭിച്ചപ്പോൾ നാട്ടിൻപുറങ്ങളിൽ അതു് ശരാശരി 78 ച. അടിയായിരുന്നു. വൻനഗരങ്ങളിലെയും വ്യവസായ നഗരങ്ങളിലെയും സ്ഥിതി ഇതിലും മോശമാണ്.

താമസസൗകര്യങ്ങൾ, പ്രത്യേകിച്ചും ശുചീകരണവും ജലവിതരണവും സംബന്ധിച്ചവ, നാട്ടിൻപുറങ്ങളിൽ മിക്കവാറും ഇല്ലതന്നെ. നഗരപ്രദേശങ്ങളിൽ 50 ശതമാനം വീടുകൾക്കു് കക്കൂസ്സും ലഭിക്കുന്നില്ല.

വൻനഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന ജനങ്ങളുടെ ദുരവസ്ഥകളും അനാരോഗ്യകരമായ ജീവിത സാഹചര്യങ്ങളും മേൽ പ്രസ്താവിച്ച സ്ഥിതി വിവരക്കണക്കുകളിൽ പെടുന്നില്ല.

ഭവനനിർമ്മാണങ്ങൾ

ലഭ്യമായ വിവരങ്ങൾ വെച്ചുകൊണ്ടു് ഭവനനിർമ്മാണാവശ്യം സംബന്ധിച്ച അഖിലേന്ത്യാ കണക്കുകൾ തിട്ടമായി ലഭിക്കുവാൻ കഴിയുന്നതല്ല. മൊത്തത്തിൽ ചില കണക്കുകൾ തയ്യാറാക്കിയിട്ടുള്ളതു് പ്രശ്നത്തിന്റെ വൈപുല്യം സൂചിപ്പിക്കുവാൻ ഉതകിയവയത്രേ.

നഗരപ്രദേശങ്ങളിലെ ഭവനനിർമ്മാണാവശ്യങ്ങൾ കണക്കാക്കുവാൻ കാനേഷുമാരിക്കണക്കുകളാണു് ഉപയോഗിക്കുന്നതു്. ഇതിന്റെ അടിസ്ഥാനം 1961 ലെ കനേഷുമാരിയാണു്. താമസയോഗ്യമല്ലാത്ത വീടുകളെക്കുറിച്ച് ഈ കണക്കുകളിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. ഈ കണക്കനുസരിച്ചു് 1961 ൽ ഏകദേശം 58 ലക്ഷം വീടുകൾ നഗരപ്രദേശങ്ങളിൽ ആവശ്യമുണ്ടായിരുന്നു.

ഗ്രാമീണ ഭവനനിർമ്മാണം

1951-ലെ കാനേഷുമാരി കണക്കനുസരിച്ച് ഇന്ത്യയിലെ നാട്ടിൻപുറങ്ങളിൽ 19.8 കോടി ജനങ്ങളുണ്ടായിരുന്നു. ഏകദേശം 540 ലക്ഷം വീടുകളുണ്ടായിരുന്നു. ഒരു കുടുംബത്തിനു് ഒരു വീട് എന്ന അടിസ്ഥാനത്തിൽ നോക്കുമ്പോൾ, ചുരുങ്ങിയതു് 65 ലക്ഷം വീടുകളുടെ കുറവു് നാട്ടിൻപുറങ്ങളിലുണ്ടെന്നു് കണക്കാക്കപ്പെട്ടു. ഉള്ള വീടുകളിൽതന്നെ മുക്കാൽഭാഗവും നിലവാരത്തിൽ താഴ്ന്നവയായിരുന്നതിനാൽ 500 ലക്ഷത്തോളം വീടുകൾ പുതുക്കുകയോ അഥവാ മാററിപ്പണിയുകയോ വേണ്ടവയാണെന്നു് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഗ്രാമങ്ങളിലെ ജനസംഖ്യ 1961ലെ കാനേഷുമാരിയനുസരിച്ച് 36 കോടിയായി വർദ്ധിച്ചിട്ടുണ്ട്. അതോടൊപ്പം വീടുകളുടെ ആവശ്യവും വർദ്ധിച്ചിരിക്കുന്നു. 1976 ആകുമ്പോഴേക്കു് ഗ്രാമങ്ങളിലെ ജനസംഖ്യ 47 കോടിയായും വീടുകളുടെ ആവശ്യം 240 ലക്ഷമായും വർദ്ധിക്കുമെന്നു് കരുതുന്നു.

ഗവർമ്മെണ്ടു് ഭവനനിർമ്മാണനയം

ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങളനുസരിച്ചാണ് ഗവർമ്മെണ്ടു് ഭവനനിർമ്മാണനയം ആവിഷ്കരിച്ചിരിക്കുന്നതു്. മൊത്തത്തിൽ, പഞ്ചവത്സരപദ്ധതികളിലും ഇന്ത്യാഗവർമ്മെണ്ടിന്റെ മററ നയപ്രഖ്യാപനങ്ങളിലും പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഈ നയത്തിനു് രണ്ടു മുഖ്യ ലക്ഷ്യങ്ങളുണ്ട്. ഒന്നാമതായി താഴ്ന്ന വരുമാനക്കാർക്ക് വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ ഗണ്യമായ ധനസഹായത്തിന്റെ ആവശ്യകത ഗവർമ്മെണ്ടു് അംഗീകരിച്ചിരിക്കുന്നു. അതിനാൽ, മൂന്നാംപദ്ധതിയിൽ താഴ്ന്ന വരുമാന വിഭാഗത്തിൽപെട്ടവർക്ക് കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ തീരുമാനിക്കപ്പെട്ടു.

രണ്ടാമതായി, സാമൂഹ്യവികസന പരിപാടിയുടെയും ഗ്രാമീണ ആസൂത്രണത്തിന്റേയും ഭാഗമായിട്ടാണ് ഗ്രാമീണ ഭവനനിർമ്മാണപരിപാടി ആവിഷ്കരിച്ചിട്ടുള്ളതു്. ഈ പരിപാടിയെ ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ വികസനവുമായി ഏകോപിപ്പിക്കേണ്ടതുമുണ്ട്.

ഭവനനിർമ്മാണപരിപാടി

പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി ഒരു ദേശീയ ഭവനനിർമ്മാണ പരിപാടി ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്. വായ്പകളും സബ്സിഡിയും നൽകുന്ന നിരവധി പൊതുഭവന നിർമ്മാണപദ്ധതികൾ ഗവർമ്മെണ്ടു് ഏർപ്പെടുത്തിയിരിക്കുന്നു. അതുപോലെ സ്വകാര്യ ഭവനനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും ഗവർമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ട്.

ഗവർമ്മെണ്ടു് നേരിട്ടു് ആരംഭിച്ചിട്ടുള്ള ഭവനനിർമ്മാണപദ്ധതികൾ താഴെ പറയുന്നവയാണ്: "വ്യവസായത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണപദ്ധതി:- ഈ പദ്ധതിയനുസരിച്ച്, സംസ്ഥാനഗവർമ്മെണ്ടുകൾക്കും വ്യവസായത്തൊഴിലാളികളുടെ ഭവനനിർമ്മാണ സഹകരണസംഘങ്ങൾക്കും വ്യവസായ ഉടമകൾക്കും കേന്ദ്രഗവർമ്മെണ്ടു് വായ്പകളും സബ്സിഡികളും നൽകുന്നു. സംസ്ഥാനങ്ങൾക്കും വ്യവസായ ഉടമകൾക്കും കേന്ദ്രഗവർമ്മെണ്ടു് 50 ശതമാനം സബ്സിഡിയാണ് നൽകുന്നതു്. എന്നാൽ, വായ്പകൾ സംസ്ഥാന ഗവർമ്മെണ്ടുകൾക്ക് 50 ശതമാനവും വ്യവസായ ഉടമകൾക്ക് 25 ശതമാനവുമാണ്. പ്രതിമാസം 350കയിൽ കവിയാതെ വരുമാനമുള്ള തൊഴിലാളികൾ ഈ പദ്ധതിയുടെ ആനുകൂല്യങ്ങൾക്ക് അർഹരാണ്.

ചേരിനിർമ്മാർജ്ജന-അഭിവൃദ്ധി പദ്ധതി

വൻനഗരങ്ങളിലെ ചേരികളിൽ താമസിക്കുന്നവർക്ക് വീടുകൾ പണിയിച്ചുകൊടുക്കുന്നതിനു് ഗവർമ്മെണ്ടു് ഉയർന്ന മുൻഗണന നൽകിയിട്ടുണ്ട്. ചേരിനിർമ്മാർജ്ജനച്ചെലവിന്റെ മുപ്പത്തിയേഴര ശതമാനം സബ്സിഡിയായും മുപ്പത്തിയേഴര ശതമാനം വായ്പയായും കേന്ദ്രഗവർമ്മെണ്ടു് സംസ്ഥാനങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്നുണ്ട്. ചെലവിന്റെ 25 ശതമാനം സംസ്ഥാനഗവർമ്മെണ്ടുകൾ സബ്സിഡിയായി നൽകുന്നു. വൻനഗരങ്ങളിൽ പ്രതിമാസം 250ക.യിലും മററ നഗരങ്ങളിൽ 175ക.യിലും കവിയാതെ വരുമാനമുള്ളവർ ഈ പദ്ധതിയുടെ പരിധിയിൽ പെടും.

താഴ്ന്ന വരുമാനക്കാർക്കുള്ള ഭവനനിർമ്മാണ പദ്ധതി

ഈ പദ്ധതിയനുസരിച്ച് കേന്ദ്രഗവർമ്മെണ്ടു് പ്രതിമാസം 500കയിൽ കവിയാതെ വരുമാനമുള്ളവർക്ക് 8000കയിൽ അധികരിക്കാതെ ചെലവിന്റെ 80 ശതമാനം വായ്പയായി നൽകിവരുന്നുണ്ട്. ഈ വായ്പ 30 കൊല്ലംകൊണ്ടു് തിരിച്ചടച്ചാൽ മതി. ഈ സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സഹകരണസംഘങ്ങൾ തുടങ്ങിയവയ്ക്കും നൽകിവരുന്നുണ്ട്.

ഇടത്തരം വരുമാനവിഭാഗങ്ങൾക്കുള്ള പദ്ധതി

പ്രതിമാസം 500കയ്ക്കും 1250കയ്ക്കും മദ്ധ്യേ വരുമാനമുള്ളവർക്ക് (20000 ക. യിൽ കവിയാതെ) ഭവനനിർമ്മാണച്ചെലവിന്റെ 80 ശതമാനം വായ്പയായി നൽകുവാൻ ഈ പദ്ധതി വ്യവസ്ഥ ചെയ്യുന്നു. വായ്പ 25 കൊല്ലംകൊണ്ടു് തിരിച്ചടച്ചാൽ മതി.

സാമ്പത്തികമായി ദുർബ്ബലവിഭാഗക്കാർക്കുള്ള ഭവനനിർമ്മാണപദ്ധതി

ഈ പദ്ധതിയനുസരിച്ച്, വൻനഗരങ്ങളിൽ പ്രതിമാസം 150കയിൽ കവിയാതെയും മററിടങ്ങളിൽ 175കയിൽ കവിയാതെയും വരുമാനമുള്ളവർക്ക് വാടകക്കുള്ള വീടുകൾ സംസ്ഥാന ഗവർമ്മെണ്ടുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പണിയുന്നു. ഇതിന്റെ ചെലവിന്റെ 25 ശതമാനം സബ്സിഡിയായും 75 ശതമാനം വായ്പയായും കേന്ദ്രഗവർമ്മെണ്ടു നൽകുന്നു.

സംസ്ഥാനഗവർമ്മെണ്ടു ജീവനക്കാർക്കുള്ള പദ്ധതി

ഈ പദ്ധതിയനുസരിച്ച സംസ്ഥാന ഗവർമ്മെണ്ടുകളിലെ താഴ്ന്ന ശമ്പളക്കാരായ ജീവനക്കാർക്ക് വീടുകൾ വെയ്ക്കുന്നതിനു ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ 20 കൊല്ലത്തെ വായ്പകൾ ലഭ്യമാക്കുന്നുണ്ട്.

തോട്ടം തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി

തോട്ടങ്ങളിൽ താമസിക്കുന്ന തൊഴിലാളികൾക്ക സൗജന്യ താമസസൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ചെലവിന്റെ 80 ശതമാനം 30 കൊല്ലത്തെ വായ്പയായി തോട്ടം ഉടമകൾക്ക നൽകിവരുന്നുണ്ട്.

ഗവർമ്മെണ്ടു ജീവനക്കാർക്കുള്ള ഭവനനിർമ്മാണപദ്ധതി

കേന്ദ്ര ഗവർമ്മെണ്ടു ജീവനക്കാർക്ക വാടകാടിസ്ഥാനത്തിൽ വീടുകൾ നിർമ്മിക്കുന്നതിനു കേന്ദ്ര ഗവർമ്മെണ്ടു വൻതോതിൽ മുതൽമുടക്ക നടത്തുന്നുണ്ട്. കൂടാതെ പുതിയ വീടുകൾ പണിയുന്നതിനു ജീവനക്കാർക്ക വായ്പയും നൽകുന്നുണ്ട്.

ഭൂമിഅക്വയർചെയ്യുവാനും വികസിപ്പിക്കുവാനുമുള്ള പദ്ധതി

വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ സഹായത്തിനർഹരായവർക്ക വീടുവയ്ക്കാനുള്ള സ്ഥലം ന്യായമായ വിലക്കു ലഭ്യമാക്കുവാൻ പൊതുസ്ഥാപനങ്ങൾ മുഖേന സംസ്ഥാനഗവർമ്മെണ്ടുകൾ ഭൂമി അക്വയർ ചെയ്തു് വികസിപ്പിച്ചുവരുന്നു. ഈയാവശ്യത്തിനു 10 കൊല്ലത്തെ വായ്പ പദ്ധതി വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി

ഗവർമ്മെണ്ടു സഹായത്താൽ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട 5000 ഗ്രാമങ്ങളിൽ ഭവനനിർമ്മാണ പദ്ധതികൾ ആരംഭിക്കുവാൻ ഇതു വ്യവസ്ഥ ചെയ്യുന്നുണ്ട്. സമ്പൂർണ്ണമായ സാമ്പത്തിക വികസനം കൈവരിച്ചും ഇന്ത്യഭൂമികളെ ഏകീകരിക്കുവാൻ തയ്യാറുള്ളതുമായ ഗ്രാമങ്ങളെയാണു് ഈ പദ്ധതി നടപ്പാക്കുവാൻ തിരഞ്ഞെടുക്കുന്നതു്. ഇതനുസരിച്ചു ഭവനനിർമ്മാണച്ചെലവിന്റെ മൂന്നിൽ രണ്ടു ഭാഗമോ അഥവാ 2000കയോ (ഇതിൽ ഏതാണു് കുറവെന്നുവെച്ചാൽ അതു) വായ്പയായി ഗ്രാമീണർക്ക നൽകുന്നതാണ്. വായ്പ 20 കൊല്ലംകൊണ്ടു തിരിച്ചടച്ചാൽമതി. വീടിന്റെ ചെലവു 5000 കയിൽ കവിയാൻ പാടില്ലെന്ന വ്യവസ്ഥയുമുണ്ട്.

നഗരപ്രദേശങ്ങളിൽ നടപ്പാക്കിവരുന്ന പരിപാടികൾ സമുദായത്തിലെ വിവിധ വിഭാഗങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ പരിപാടികൾ സമുദായത്തിലെ വലിയൊരുവിഭാഗത്തിനു് ഉപയോഗപ്രദമാകേണ്ട ആവശ്യം അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ചില നിർബ്ബന്ധസാഹചര്യങ്ങൾ കാരണം, സാമ്പത്തികമായി ദുർബ്ബലരായ ജനവിഭാഗങ്ങൾക്ക മുൻഗണന നല്കിയിരിക്കയാണ്.

ലക്ഷ്യവും പുരോഗതിയും

ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്തു് നഗരപ്രദേശങ്ങളിൽ രണ്ടുതരം ഭവനനിർമ്മാണപദ്ധതികൾ ആരംഭിക്കുകയുണ്ടായി- വ്യാവസായിക ഭവനനിർമ്മാണധനസഹായ പദ്ധതിയും താഴ്ന്നവരുമാനക്കാർക്കുള്ള ഭവനനിർമ്മാണപദ്ധതിയുമായിരുന്നു. അവ മൊത്തം 1.20 ലക്ഷം വീടുകൾ പണിയുന്നതിന് ഒന്നാം പദ്ധതിയിൽ 38.5 കോടിക. നീക്കിവെക്കുകയുണ്ടായി. എന്നാൽ സംസ്ഥാന ഗവർമ്മെണ്ടുകൾ ഈ തുകയിൽനിന്നു് 24.14 കോടി ക മാത്രമേ ചെലവാക്കുകയുണ്ടായുള്ളു. പൊതുസ്ഥാപനങ്ങളുടെ മൊത്തം സംഭാവന 7.48 ലക്ഷം വീടുകളായിരുന്നു. ഇതിൽ അഭയാർത്ഥികൾക്കും ഗവർമ്മെണ്ടു ജീവനക്കാർക്കുമായി വിവിധമന്ത്രികാര്യാലയങ്ങൾ നിർമ്മിച്ച വീടുകളും ഉൾപ്പെടുന്നുണ്ട്. കൂടാതെ, സ്വകാര്യ മേഖലയിൽ ആറുലക്ഷം വീടുകളും നിർമ്മിക്കുകയുണ്ടായി. ഇതിനുള്ള മുതൽമുടക്ക് 9?0 കോടി ക യാണെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

രണ്ടാം പഞ്ചവത്സര പദ്ധതിയിൽ എട്ടുതരം ഭവനനിർമ്മാണപദ്ധതികൾ ആരംഭിക്കുകയുണ്ടായി. വ്യാവസായിക ഭവന നിർമ്മാണ ധനസഹായപദ്ധതി, താഴ്ന്ന വരുമാനക്കാർക്കുള്ള ഭവനനിർമ്മാണപദ്ധതി, തോട്ടം തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണപദ്ധതി, ചേരിനിർമ്മാർജ്ജനപദ്ധതി, ഗ്രാമീണ ഭവനനിർമ്മാണപദ്ധതി, ഭൂമി അക്വയർ ചെയ്തു് വികസിപ്പിക്കുവാനുള്ള പദ്ധതി, ഇടത്തരം വരുമാനക്കാർക്കുള്ള പദ്ധതി, സംസ്ഥാനഗവർമ്മെണ്ടു ജീവനക്കാർക്കുള്ള വാടകഭവനനിർമ്മാണപദ്ധതി എന്നിവയാണു് ഈ എട്ടുപദ്ധതികൾ. കൂടാതെ വാടക ഭവനനിർമ്മാണപദ്ധതി, ഡൽഹിയിലെ ചേരിനിർമ്മാർജ്ജനപദ്ധതി, കേന്ദ്രഗവർമ്മെണ്ടു ജീവനക്കാർക്ക് ഭവനനിർമ്മാണവായ്പകൾ നൽകുന്നതിനുള്ള ഏർപ്പാടുകൾ തുടങ്ങിയ പദ്ധതിയിൽപെടുത്താത്ത പരിപാടികളുമുണ്ട്.

കേന്ദ്ര മരാമത്തു-ഭവനനിർമ്മാണവകുപ്പു നടപ്പാക്കുന്ന മേൽപ്രസ്താവിച്ച പദ്ധതികൾക്കുപുറമേ, റെയിൽവേവകുപ്പ്, പ്രതിരോധവകുപ്പ്, ഗതാഗതവകുപ്പ്, വാർത്താവിനിമയവകുപ്പ് തുടങ്ങിയവ നടപ്പാക്കുന്ന പദ്ധതികളുമുണ്ട്. കൂടാതെ സംസ്ഥാനഗവർമ്മെണ്ടുകൾക്കും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും അവയുടെ പ്രത്യേകപരിപാടികളുണ്ട്.

രണ്ടാം പദ്ധതിയിൽ പൊതുമേഖലയിലെ ഭവനനിർമ്മാണത്തിനു് 250 കോടി ക നീക്കിവെക്കുകയുണ്ടായി. മൊത്തം 243200 വീടുകൾ പണിയുകയായിരുന്നു ലക്ഷ്യം. മററ കേന്ദ്രവകുപ്പുകളുടെയും സംസ്ഥാനഗവർമ്മെണ്ടുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേട്ടങ്ങൾ കണക്കിലെടുക്കുന്നതായാൽ, പൊതുമേഖലയിൽ രണ്ടാംപദ്ധതിക്കാലത്തു് അഞ്ചുലക്ഷത്തോളം വീടുകൾ നിർമ്മിച്ചിട്ടുണ്ടെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു,

മൂന്നാംപദ്ധതിയിൽ ഭവനനിർമ്മാണത്തിനു് 142 കോടി ക നീക്കിവെച്ചിട്ടുണ്ട്. കൂടാതെ, ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ 60 കോടി കയുടെ മുതൽമുടക്ക് നടത്തുമെന്നു് പ്രതീക്ഷിക്കുന്നു. ഇതുമൂലം നാലുലക്ഷംവീടുകൾ ഉണ്ടാകുന്നതാണ്. മൂന്നാംപദ്ധതിക്കാലത്തു്, സാമൂഹ്യ ഭവന നിർമ്മാണരംഗത്തു് 425 കോടി കയുടെ മുതൽമുടക്ക് നടക്കുമെന്നു് പ്രതീക്ഷിക്കുന്നു. ഇതുമൂലം കൂടുതലായി ഒമ്പതുലക്ഷം വീടുകൾ പൊന്തിവരുന്നതായിരിക്കും. രണ്ടാം പദ്ധതിക്കാലത്തു് കൂടുതലായി അഞ്ചുലക്ഷം വീടുകളാണു് നിർമ്മിക്കപ്പെട്ടതു്. സ്വകാര്യമേഖലയിൽ ഭവനനിർമ്മാണം പുരോഗമിച്ചിട്ടുണ്ട്. എങ്കിലും, ശരിയായ പുരോഗതി കണക്കാക്കുക വിഷമമാണ്. ഭവനനിർമ്മാണത്തിനും മററ കെട്ടിടനിർമ്മാണത്തിനുംകൂടി ഏകദേശം 1125 കോടി ക. യുടെ മുതൽ മുടക്കുണ്ടാകുമെന്നു കരുതുന്നു.

പ്രശ്നത്തിന്റെ വൈപുല്യം

മുകളിൽ പ്രസ്താവിച്ചതുപോലെ, 1961-ൽ നഗരപ്രദേശങ്ങളിൽമാത്രം 580 ലക്ഷം ഭവനങ്ങളുടെ കമ്മിയുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. 1951-ലെ കണക്കിന്റെ മിക്കവാറും ഇരട്ടിയാണിതു്. 1951-61 ദശകത്തിൽ നടപ്പാക്കിയിട്ടുള്ള ഭവനനിർമ്മാണ പരിപാടി താമസസാഹചര്യങ്ങൾ മോശപ്പെടുന്നതിനെ പിടിച്ചുനിറുത്തിയിട്ടില്ലെന്നു് വ്യക്തമാണ്. മാത്രമല്ല, 1961-71 കാലത്തു് മൊത്തം 190 ലക്ഷം വീടുകൾ നഗരപ്രദേശങ്ങളിൽ പുതുതായി പണിയേണ്ടിവരുമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു

വളരെ അനുകൂലമായ സാഹചര്യങ്ങളിൽപോലും മൂന്നും നാലും അഞ്ചും പദ്ധതികളിൽ നടപ്പാക്കുന്ന മുതൽമുടക്കുകൊണ്ടു് നഗരപ്രദേശങ്ങളിലെ വീടുകളുടെ കമ്മി (190 ലക്ഷം) യുടെ ഒരു ഭാഗം പോലും പരിഹരിക്കുവാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിൽ വളരെ സങ്കീർണ്ണമായൊരു പ്രശ്നപരിഹാരത്തിനുള്ള വളരെ എളിയ ആരംഭമായിട്ടേ ഇപ്പോഴത്തെ ഭവനനിർമ്മാണപരിപാടിയെ കണക്കാക്കേണ്ടതുള്ളു

അമ്മയ്ക്കെതിരെ മക്കളുടെ കേസ്സ്

ബോംബെ — പ്രസിദ്ധ ഉത്തരേന്ത്യൻ സിനിമാ താരമായ നൂതന്റെ മാതാവും മറെറാരു പ്രശസ്തതാരവുമായ ശോഭനാസമർത്ഥിന്റെ പേരിൽ 12,423 രൂപയെ സംബന്ധിച്ച വിശ്വാസവഞ്ചന കുററമാരോപിച്ചുകൊണ്ടു് ഗിർഗാമിലെ പ്രസിഡൻസി മജിസ്ട്രേട്ടിന്റെ കോടതിയിൽ ഒരു കേസ്സ് കൊടുത്തിരിക്കുന്നു.

പ്രതി നിരപരാധിയാണെന്നു വാദിച്ചു.

1964 ഏപ്രിൽ 1-ാംനു- പിരിച്ചുവിടപ്പെട്ട ശോഭനാ പിക്ചേഴ്സ് എന്ന ഒരു പങ്കാളി [പാർട്ട്ണർഷിപ്പ്] സ്ഥാപനത്തിലെ ഒരു ബാങ്ക് അക്കൗണ്ടിൽ അമ്മക്കും മക്കൾക്കും പങ്കുണ്ടായിരുന്നു. അഞ്ചുമാസത്തിനുശേഷം അമ്മ സ്വന്തംപേരിൽ പുതിയ ഒരു അക്കൗണ്ടു് തുടങ്ങുകയും മക്കളുടെ അറിവുകൂടാതെ ധാരാളം പണം ആദ്യത്തേതിൽനിന്നും പിൻവലിക്കുകയും ചെയ്തതാണ് കേസ്സ്.

ഭക്ഷ്യരംഗത്തെ വെല്ലുവിളി

—ഹുമയൂൺ കബീർ—

കഴിഞ്ഞ 10 വർഷക്കാലത്തു് ഇന്ത്യയിലെ ജനസംഖ്യ ഏകദേശം 20 ശതമാനം കണ്ടു വർദ്ധിക്കുകയുണ്ടായി. ഈ കാലത്തുതന്നെ ഭക്ഷ്യോല്പാദനം 20 ശതമാനത്തിലധികം വർദ്ധിച്ചതിനാൽ ഏറെക്കുറെ ജനസംഖ്യാവർദ്ധനവുമായി ചുവടൊപ്പിച്ചു നിൽക്കാൻ നമുക്ക കഴിഞ്ഞിട്ടുണ്ട്. പക്ഷെ വിതരണത്തിലുണ്ടായ തകരാറുകളും ഉല്പാദകരിൽ ഗണ്യമായ ഒരു വിഭാഗത്തിന്നുള്ള ഉപഭോഗ നിലവാരങ്ങൾ വർദ്ധിച്ചതും സ്ഥിതിഗതികളെ അല്പം വഷളാക്കിയിട്ടുണ്ട്.

ഭക്ഷ്യോല്പാദനത്തിൽ മൊത്തം വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും ഏക്കർ തോറുമുള്ള ഉല്പാദനത്തിൽ തുല്യമായ വർദ്ധനവുണ്ടായിട്ടില്ല. പല പാരമ്പര്യ വിശ്വാസങ്ങൾക്കും വിധേയനാണെങ്കിലും ഇന്ത്യൻ കർഷകൻ തന്റെ സ്വന്തം രക്ഷക്ക് വേണ്ടി പ്രവൃത്തിക്കുന്നതിൽ സ്വാഭാവികമായ ബുദ്ധിചാതുര്യവും യാഥാർത്ഥ്യബോധവും പ്രകടമാക്കിയിട്ടുണ്ട്. നൂററാണ്ടുകളുടെ വിശ്വാസം അവനുണ്ട്. പൊതുവെ, തനിക്കു് വേണ്ടതെന്താണെന്നു് അറിയുകയും ചെയ്യും. എന്നിട്ടും ഏക്കർതോറുമുള്ള ഉല്പാദനം വർദ്ധിക്കുന്നില്ല. സ്വന്തം ഉല്പന്നങ്ങൾക്ക് ന്യായമായ വില കിട്ടുമെന്നും സ്വന്തം സമ്പത്തികശേഷി വർദ്ധിക്കുമെന്നുമുള്ളതിനു് കർഷകനു് ഉറപ്പു കിട്ടാത്തതാണു് ഇതിനു് കാരണം. ഉപഭോക്താക്കൾ കാർഷികോല്പന്നങ്ങൾക്ക് ഉയർന്ന വില നൽകുന്നുണ്ടെങ്കിലും മൊത്ത വ്യാപാരികൾക്കും മദ്ധ്യവർത്തികൾക്കുമാണു് അതിന്റെ പ്രയോജനം ലഭിക്കുന്നതു് എന്നതാണു് ഇന്നത്തെ നില.

ഉല്പന്നം ശേഖരിക്കുന്നതിന്റെ 60 ശതമാനവും നൽകുന്നതു് കർഷകനാണ്. പക്ഷെ എന്നാലും അയാൾക്ക് തന്റെ പ്രയത്നത്തിനു് ന്യായമായ വരുമാനം ലഭിക്കാറില്ല. കർഷകരുടെ ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, വൈദ്യസഹായം എന്നീ അടിസ്ഥാനാവശ്യങ്ങൾ നിറവേററുന്ന കാര്യത്തിൽ ഗവർമ്മെണ്ടു് പലതും ചെയ്തിട്ടുണ്ടെങ്കിലും അന്നന്നുകിട്ടുന്നതുകൊണ്ടു ജീവിതം തള്ളിനീക്കേണ്ടിവരിക എന്ന അവസ്ഥയിൽനിന്നു കൃഷിക്കാരൻ ഇനിയും വിമുക്തനായിട്ടില്ല. കൃത്രിമവളങ്ങളും ജലസേചന സൗകര്യങ്ങളും അവ നേടുന്നതിനുള്ള വായ്പ, ഉല്പന്നങ്ങൾക്ക് ന്യായമായ വില ഇവ ഉറപ്പുകൊടുക്കുകയാണെങ്കിൽ കർഷകനു് ഇന്നുള്ളതിൽ കൂടുതൽ ഉല്പാദിപ്പിക്കാൻ കഴിയും.

കൃത്രിമ വളങ്ങളും ജലസേചന സൗകര്യങ്ങളും

ഏക്കർ തോറുമുള്ള ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് ഏററവും അത്യാവശ്യമായിട്ടുള്ള ഘടകങ്ങൾ കൃത്രിമവളങ്ങളും ജലസേചനസൗകര്യവുമാണ്. പ്രധാന ജലസേചന ചാനലുകളിൽനിന്നും തോടുകളിൽനിന്നും ഫീൽഡ് ചാനലുകൾ വെട്ടി വെള്ളം തിരിച്ചുവിടുന്നതിലുണ്ടായ പരാജയമാണു ഇക്കാര്യത്തിൽ നമുക്ക പററിയിട്ടുള്ള ഒരു പ്രധാന വീഴ്ചയെന്നു് കഴിഞ്ഞകാല അനുഭവങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പററി ഗവണ്മെന്റിനു് പൂർണ്ണബോദ്ധ്യമുണ്ട്. ഇതു സംബന്ധിച്ച സംസ്ഥാന ഗവർമ്മെണ്ടോ, ഗ്രാമപ്പഞ്ചായത്തോ എടുക്കേണ്ട ഉത്തരവാദിത്വം സംബന്ധിച്ച വ്യവസ്ഥകൾ അടുത്തുതന്നെ ആവിഷ്കരിക്കാൻ കഴിയും എന്നാണു് എന്റെ ആശ.

കൃത്രിമവളങ്ങളുടെ ഉല്പാദനം സംബന്ധിച്ച നില ഇതുവരെ തൃപ്തികരമായിരുന്നില്ല എങ്കിലും 1968-ആകുമ്പോൾ 10 ലക്ഷം ടൺ കൃത്രിമവളങ്ങൾ ഉല്പാദിപ്പിക്കാൻ പ്രത്യേകശ്രമം നടന്നുവരികയാണ്. ഇതിനു പല പദ്ധതികളും ഏർപ്പാടാക്കിയിട്ടുണ്ട്; അഥവാ ഏർപ്പാടാക്കാൻ പോകുന്ന ... വളനിർമ്മാണശാല ... 10ലക്ഷം ടൺ വളം കൂടി ഉല്പാദിപ്പിക്കുന്നതിന്റെ ആശാസ്യതയെക്കുറിച്ചു പഠനം നടത്തുന്നതിനു് ബെച്ച്ടെൽസുമായി ഒരു ഉടമ്പടി ഒപ്പുവെച്ചിട്ടുണ്ട്. ഫോസ്ഫാററിക്ക്, പൊട്ടാസിയം എന്നീ തരം കൃത്രിമവളങ്ങളുടെ ഉല്പാദനകാര്യത്തിലും ഇത്തരം നടപടികൾ എടുത്തുവരുന്നു.

വിതരണം

നിർമ്മാതാക്കൾക്കും അതുപോലെതന്നെ സംസ്ഥാനങ്ങൾക്കും കൃത്രിമവളങ്ങൾ എങ്ങിനെയാണു് അനുവദിച്ചുകൊടുക്കേണ്ടതെന്നു് ഗവർമ്മെണ്ടു് പരിശോധിച്ചുവരികയാണു്. പുതിയതും അപരിചിതവുമായ തരം കൃത്രിമവളങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആവശ്യമാണ്. ഫെർട്ടിലൈസർ കോർപ്പറേഷനും, എഫ്. എ. സി. ടി യും ഈ രംഗത്തു് ഉപയോഗപ്രദമായ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. വിതരണവും വിലനിശ്ചയവും മുഖ്യമായും കൃഷിവകുപ്പിന്റെ ചുമതലകളാണ്. കൃത്രിമവളം വിതരണാന്വേഷണസമിതി ഇതുസംബന്ധിച്ച വിലയേറിയ ചില ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. കാർഷികവകുപ്പു ഏർപ്പെടുത്തിയ ഒരു വിദഗ്ദ്ധ സമിതി കൃത്രിമവളങ്ങളുടെ വിപണനവും വിലനിശ്ചയവുമായി ബന്ധപ്പെട്ട പല കാര്യങ്ങളെക്കുറിച്ചും പഠനം നടത്തിവരികയാണ്.

സ്വയം സമ്പൂർണ്ണത

കൃത്രിമവളങ്ങളും തൽസംബന്ധമായ വിദഗ്ദ്ധജ്ഞാനവും അയൽരാജ്യങ്ങളിലേക്ക് കയററുമതി ചെയ്യുന്നതിനും ഇന്ത്യ ആസൂത്രണം ചെയ്യേണ്ടതുണ്ട്. നാം സ്വയം സമ്പൂർണ്ണത കൈവരിക്കുന്നതുവരെ ഇക്കാര്യത്തിൽ വിപുലമായ പരിപാടികളെപ്പററി ചിന്തിക്കുന്നതു് അനുചിതമായിരിക്കും. നാലാം പദ്ധതിയുടെ അന്ത്യത്തോടെ ഏതാണ്ടു് സ്വയം സമ്പൂർണ്ണത നേടാനാവുമെന്നാണ് എന്റെ ആശ. 1963 ആകുമ്പോഴേക്കും നാം തൃപ്തികരമായ പുരോഗതി നേടിയിട്ടുണ്ടെങ്കിൽ ഉല്പാദനലക്ഷ്യങ്ങൾ ത്വരിതഗതി ചെയ്യാൻ ഞാൻ മടിക്കില്ല. ഇപ്പോൾ ഉല്പാദിപ്പിക്കുന്നതുതന്നെ നാം ഇറക്കുമതി ചെയ്യുന്നുമുണ്ട്. ഈസ്ഥിതിമാറിയശേഷമേ കയററുമതിയെപ്പററി ചിന്തിക്കേണ്ടതുള്ളു. പക്ഷെ അതിനിടയ്ക്കു് കൃത്രിമവളങ്ങൾ നിർമ്മിക്കുന്നതിനുള്ള യന്ത്രങ്ങൾ ഡിസൈൻ ചെയ്യുന്നതിലും അവ ഉണ്ടാക്കുന്നതിലും, നാം പ്രധാനപ്പെട്ട നടപടികൾ എടുത്തിട്ടുണ്ട്. റൂർക്കല ഫാക്ടറിയിലെ യന്ത്രം ഡിസൈൻ ചെയ്തതും ഘടിപ്പിച്ചതും ഫെർട്ടിലൈസർ കോർപ്പറേഷനാണ്. ഇത്തരം ഒരു ഫാക്ടറി ഒരു അയൽരാഷ്ട്രത്തിൽ ഏർപ്പെടുത്തിക്കൊടുക്കുന്നതിനെപ്പററിയും നാം ചിന്തിച്ചുവരികയാണ്.

കൃത്രിമവളം നിർമ്മാണശാലകളുടെ വലിപ്പം, സ്ഥലനിർണ്ണയം എന്നിവയോടു നമുക്കു സമീപനം അയവുള്ളതായിരിക്കണം. അതേസമയം ചില വികസിത രാഷ്ട്രങ്ങളിലുണ്ടായിട്ടുള്ള ചില സംഭവവികാസങ്ങൾ അവഗണിക്കാനും വയ്യ. ആധുനിക സാങ്കേതികശാസ്ത്രവും, വളമായി നാഫ്ത ഉപയോഗിക്കുന്നതും, കൃത്രിമ വളങ്ങളുടെ രംഗത്തു് വിപ്ലവപരമായ മാററങ്ങൾ വരുത്തിത്തീർത്തിട്ടുണ്ട്. കൃത്രിമ വളങ്ങൾ മിതമായ വിലക്ക് കർഷകർക്ക് ലഭ്യമാക്കണമെന്നുണ്ടെങ്കിൽ നമ്മളും ഈ മാററങ്ങളൊക്കെ സ്വീകരിക്കേണ്ടതുണ്ട്. അതേസമയം ഭൗതികസൗകര്യങ്ങളുള്ളപക്ഷം ചെറിയ ഫാക്ടറികൾ ഏർപ്പെടുത്തുവാൻ ഗവണ്മെന്റു് മടികാണിക്കുന്നതുമല്ല.

കൃത്രിമ വളങ്ങളും ജലസേചന സൗകര്യങ്ങളും ശരിയാംവണ്ണം ഉപയോഗിക്കുകയാണെങ്കിൽ, ഭക്ഷ്യപ്രശ്നം പരിഹരിക്കാൻ മാത്രമല്ല, സമ്പദ്‌വ്യവസ്ഥയുടെ എല്ലാ വിഭാഗങ്ങൾക്കും പുരോഗതി പ്രാപിക്കുന്നതിനും അടിസ്ഥാനം നൽകുമാറ് കാർഷികോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാനും നമുക്ക് കഴിയും. കാർഷികാഭിവൃദ്ധിയിലാണു് ഇന്ത്യയുടെ ഭാവി സ്ഥിതി ചെയ്യുന്നതു്. ഇക്കാര്യത്തിൽ കൃത്രിമവളങ്ങൾക്ക് ഏററവും നിർണ്ണായകമായ ഒരു പങ്ക് വഹിക്കാൻ കഴിയും.

അയ്യപ്പഭക്തന്മാരെ പോലീസ് ഓടിച്ചിട്ടു തല്ലി

മർദ്ദനത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് അയ്യപ്പസേവാസംഘം

[സ്വന്തം ലേഖകൻ] ചാലക്കയം, ജനു 16

ഇന്നലെ ഇവിടെ പോലീസ് അഴിച്ചുവിട്ട ക്രൂരമായ മർദ്ദനത്തിന്റെ ഫലമായി അഖിലേന്ത്യാ അയ്യപ്പസേവാസംഘം വൈസ്പ്രസിഡണ്ടു് മി. ചാത്തുക്കുട്ടിനായരടക്കം ഒരു സംഘം അയ്യപ്പഭക്തന്മാർക്ക് പരിക്കുപററിയിരിക്കുന്നു.

അയ്യപ്പസേവാസംഘം വളണ്ടിയർമാരടക്കമുള്ളവർ ശബരിമല തീർത്ഥാടനവും കഴിഞ്ഞു് നാട്ടിലേക്ക് മടങ്ങുന്നവരായിരുന്നു. ഇവരിൽ ഭൂരിഭാഗവും മലബാറിൽ നിന്നുള്ളവരാണ്.

പോലീസ് ബലംപ്രയോഗിക്കുകയും ചൂരൽകൊണ്ടും പിന്നീട് ലാത്തികൊണ്ടും നിഷ്ഠൂരമായ മർദ്ദനം ആരംഭിക്കുകയുമാണുണ്ടായതെന്നും സ്ഥലത്തെത്തി അന്വേഷിച്ച നിങ്ങളുടെ ലേഖകനറിയാൻ കഴിഞ്ഞു. മർദ്ദനത്തിൽനിന്നു് രക്ഷപ്പെടാൻ ശ്രമിച്ചവരെ പോലീസ് ഓടിച്ചിട്ടു തല്ലി.

ചാലക്കയത്തുനിന്നുള്ള ഗതാഗതമാർഗ്ഗം സുഗമമാക്കുന്നതിനാണത്രേ ഈ പൈശാചിക മർദ്ദനം അഴിച്ചുവിട്ടതു്. ഏതാണ്ടു് ഇരുനൂറോളംവരുന്ന, മലബാറിൽനിന്നുള്ള ഒരു സംഘം ചാലക്കയത്തെത്തിയപ്പോഴേക്കും ഇവിടെനിന്നും കോഴിക്കോട്ടേക്കുള്ള എല്ലാ സർവ്വീസുകളും ട്രാൻസ്പോർട്ടധികൃതർ നിറുത്തൽചെയ്തിരുന്നു. ചുരുങ്ങിയതു് ഒന്നോരണ്ടോ ബസ്സുകൾ അനുവദിച്ചുകിട്ടണമെന്നു് മി ചാത്തുക്കുട്ടിനായരുടെ നേതൃത്വത്തിൽ ഒരു സംഘം ട്രാൻസ്പോർട്ടധികാരികളോട് ആവശ്യപ്പെടുകയും അവരതു് ആദ്യം അംഗീകരിക്കുകയും ചെയ്തു.

ബസ്സിന്റെ വരവുംകാത്തു് അയ്യപ്പന്മാർ മണിക്കൂറുകളോളം വിശ്രമസങ്കേതമില്ലാത്ത ആ പ്രദേശത്തു് പൊരിവെയിലിൽ യാതൊരു ഭക്ഷണവും കഴിക്കാതെ കാത്തുകെട്ടിനിന്നു. അവസാനം, തങ്ങളുടെ തീരുമാനം റദ്ദാക്കിയിരിക്കുന്നു എന്നു് അധികൃതർ അറിയിച്ചു. അപ്പോഴേക്കും അവരുടെ ക്ഷമ നശിച്ചു് കഴിഞ്ഞിരുന്നു. അതോടെ ബസ്സുകൾ പിക്കററു ചെയ്യാൻ അവർ തീരുമാനിച്ചു.

അധികാരികൾ പോലീസിൽ അറിയിച്ചതനുസരിച്ചു് പോലീസ് സ്ഥലത്തെത്തി കണ്ണിൽ കണ്ടവരെയെല്ലാം മർദ്ദിക്കയാണുണ്ടായതു്. ചാത്തുക്കുട്ടിനായരെ പോലീസ് കഠിനമായി മർദ്ദിച്ചു. അദ്ദേഹത്തെയടക്കം പലരേയും പോലീസ് ബസ്സിന്റെ മുന്നിൽനിന്നും തൂക്കിയെടുത്തെറിഞ്ഞു. പലരുടേയും പരിക്കുകൾ ഗുരുതരമാണ്.

ചാലക്കയം കൊല്ലം ജില്ലയിലാണു് ഉൾപ്പെടുന്നതു്.

അയ്യപ്പസേവാസംഘം കോട്ടയം കമ്മിററി അടിയന്തിരയോഗം ചേർന്നു് ഈ മർദ്ദനത്തിൽ ശക്തിയായി പ്രതിഷേധിക്കുകയും ഈ അനാശാസ്യസംഭവത്തെക്കുറിച്ച് അന്വേഷണം നടത്താനും ഇതിനു് കാരണക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാനും സർക്കാരിനോടഭ്യർത്ഥിക്കുകയും ചെയ്തിരിക്കുന്നു.

—

പരുത്തിക്കായുടെ സാട്ടാ കച്ചവടം നിരോധിച്ചു

ന്യൂഡൽഹി, ജനു: 16

പരുത്തിക്കായുടെ സാട്ടാക്കച്ചവടത്തിനു അനുവാദം ആവശ്യപ്പെട്ടുകൊണ്ടു് ഏതാനും രജിസ്റ്റേർഡ് അസോസിയേഷനുകൾ ഫോർവേർഡ് മാർക്കററ് കമ്മീഷനെ സമീപിക്കുകയുണ്ടായി. ഈ അപേക്ഷകളുടെ വിവിധവശങ്ങൾ പരിശോധിച്ചശേഷം പരുത്തിക്കായുടെ സാട്ടാക്കച്ചവടത്തിനു സൗകര്യങ്ങൾ പ്രദാനം ചെയ്യേണ്ടതില്ലെന്നു് ഇന്ത്യാ ഗവർമ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു. 1952 ലെ ഫോർവേർഡു് കോൺട്രാക്ട് നിയമത്തിലെ 17-ാംവകുപ്പനുസരിച്ചു രാജ്യത്തൊട്ടാകെ പരുത്തിക്കായുടെ സാട്ടാക്കച്ചവടം നിരോധിക്കണമെന്നു തീരുമാനിക്കപ്പെട്ട വിവരം ജനുവരി 12-ാംനു- അസാധാരണഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. തൽഫലമായി ജനുവരി 12-ാംനു-യിലെ നിരക്കനുസരിച്ചു പരുത്തിക്കായുടെ സാട്ടാക്കച്ചവടം സംബന്ധിച്ച് അവശേഷിക്കുന്ന എല്ലാ കോൺട്രാക്ട് ഇടപാടുകളും അവസാനിപ്പിക്കേണ്ടതാണ്.

ചരമം

ഏററുമാനൂർ ജനു. 16

കിഴക്കേൻ ചേര ഭാര്യ അന്നമ്മ വാർദ്ധക്യ സഹജമായ സുഖക്കേടു് മൂലം 70 വയസ്സിൽ നിര്യാതനായിരിക്കുന്നു.

(സ്വ. ലേ)

ഇന്ത്യൻ പണ്ഡിതനു് നിയമത്തിൽ ഡോക്ടറേററ് ബിരുദം

മോസ്കോ ജനു: 15

ഒരു പ്രമുഖ ഇന്ത്യൻ പണ്ഡിതനായ ശ്രീ നാഗേന്ദ്രസിങ്ങിനു് മോസ്കോ യൂണിവേഴ്സിററി നിയമസംബന്ധമായ ഒരു ഡോക്ടറേററ് ബിരുദം നൽകിയിരിക്കുന്നു.

അപേക്ഷകൾ ക്ഷണിക്കുന്നു

തൃശ്ശൂർ ജ: 15

വ്യവസായ വാണിജ്യവകുപ്പിൽ ജില്ലാ ഇൻഡസ്ട്രീസ് ആഫീസർ [പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു] സ്റ്റീൽഡ്വീവർ, ഹെൽത്ത് സർവ്വീസിൽ മൈക്രോ ബയോളജിസ്റ്റ്, മെഡിക്കൽ കോളേജിൽ ഫാർമിസ്റ്റ്, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ (പോളി ടെക്നിക്ക്) മെക്കാനിക്കൽ എഞ്ചിനീയറിംഗ് ലക്ചറർ, സിവിൽ എഞ്ചിനീയറിംഗ് ലക്ചറർ, എംപ്ലോയിമെന്റ് അസിസ്റ്റന്റ് ഇൻസ്ട്രക്ടർ എന്നീ ജോലികൾക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. വിശദവിവരങ്ങൾ ജനുവരി 12-ാം തീയതിയിലെ ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

താസിൽദാർമാരും സപ്ലൈ ആഫീസർമാരും

തൃശ്ശൂർ, ജനു: 15

പുഴക്കൽ ബി. ഡി. ഒ. ആയിരുന്ന ശ്രീ ഷെയ്ക്കു് മൊയ്തീൻ സാഹിബ്ബിനെ തൃശ്ശൂർ താസിൽദാരായും തൃശ്ശൂർ താസിൽദാർ ശ്രീ കെ. കെ. ആന്റണിയെ തൃശ്ശൂർ ഇറിഗേഷൻ സ്പെഷൽ താസിൽദാരായും തൃശ്ശൂർ ഇറിഗേഷൻ സ്പെഷൽ താസിൽദാർ ശ്രീ സി. വി. കൃഷ്ണൻനമ്പൂതിരിയെ ചാവക്കാട്ട് താലൂക്ക് സപ്ലൈ ആഫീസറായും ചാലക്കുടി ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസറായിരുന്ന ശ്രീ കെ. എ. ഫ്രാൻസീസ്സിനെ കൊടുങ്ങല്ലൂർ താലൂക്ക സപ്ലൈ ആഫീസറായും നിയമിച്ചിരിക്കുന്നു.

സത്യം ഗ്രഹിച്ച മനസ്സാക്ഷി

(vi. S. പൊറിയൻ)

'അംഗീകാരം കണ്ടപ്പോൾ' എന്ന എന്റെ ലേഖനത്തെപ്പറ്റിയുള്ള ശ്രീ പുത്തൻതറയുടെ കണ്ണുതുറപ്പിച്ചു. നേരെ പറയട്ടെ, അദ്ദേഹം എന്താണുദ്ദേശിക്കുന്നതെന്നോ എവിടെയാണു സംഭവിച്ചതെന്നോ ആ കണ്ണു പല തവണ തുറപ്പിച്ചിട്ടും എനിക്കുമനസ്സിലാക്കാൻ സാധിക്കുന്നില്ല. ഞാൻ ശ്രീ ബാലകൃഷ്ണനെപ്പറ്റി പറഞ്ഞതായോ അദ്ദേഹത്തെ ചൊടിപ്പിച്ചുവോ? 'കത്തോലിക്കമതത്തിന്റെ നേതൃത്വത്തിനാണ്' താനെന്നു കെ. ബാലകൃഷ്ണൻ അവകാശപ്പെട്ടിട്ടില്ലെന്നാണു ഞാൻ എന്നു അദ്ദേഹം എനിക്കയച്ച കത്തിലും ചൊടിപ്പിച്ചുവോ? 'കത്തോലിക്കമതത്തിന്റെ നേതൃത്വത്തിനാണ്' താനെന്നു കെ. ബാലകൃഷ്ണൻ അവകാശപ്പെട്ടിട്ടില്ലെന്നാണു ഞാൻ എന്നു അദ്ദേഹം എനിക്കയച്ച കത്തിലും ചൊടിപ്പിച്ചുവോ? ഇതെഴുതുന്നതു പാടുള്ളതുകൊള്ളട്ടെ, ശ്രീ കെ. ബാലകൃഷ്ണൻ ശ്രീ പുത്തൻതറയെക്കാൾ കത്തോലിക്കമതത്തിനുവേണ്ടി ഇന്നുവരെ ഒന്നും ചെയ്തിട്ടില്ലെന്നു ഞാൻ ചിന്തിച്ചിട്ടുപോലുമില്ല. ഇതിനുമപ്പുറം ഞാൻ ചിന്തിച്ചിട്ടുപോകുവാനുണ്ട്.

'ശ്രീസ്വീയ ഭാഷ്യമെയ്ക്കാറിച്ച കത്തോലിക്ക മതത്തിന്റെ സിദ്ധാന്തങ്ങളുടെ ങ്ങൾപ്പുള്ളം' ഞാൻ ഉദ്ധരിച്ചുവെന്നാണ് ശ്രീ പുത്തൻതറയുടെ പരാതി. ആ 'സി. ... ങ്ങളും സങ്കൽപ്പങ്ങളും' ഏതുഭാഷയെയാണ് ... അറിയുവാൻ ശ്രീ പുത്തൻതറയുടെ ഔത്സുക്യം കോൺഗ്രസുകാരോടു പറയുന്നതിനുപകരം എന്നോടു ചോദിച്ചതെന്തുകൊണ്ടാണ്? ഇതെന്തുസംബന്ധിച്ചുള്ള സിദ്ധാന്തങ്ങളുടെ കുറിച്ചുള്ളതാണെന്നു പുത്തൻതറയ്ക്കു നല്ലവണ്ണം അറിയാമായിരുന്നു. വിവാഹത്തെപ്പറ്റി വിശുദ്ധ പൗലോസ് കോറിന്ത്യക്കാരോടു പറയുന്നതിനെയാണു ഞാൻ ആധികാരികമായി ഉദ്ധരിച്ചതെന്നു മനസ്സിലാക്കുവാൻ ... ഉണ്ടായിരുന്നെങ്കിൽ എന്നു ഞാൻ ... പോകുകയാണ്. ഒരു കത്തോലിക്കനു തപസംബന്ധിതനായ അദ്ദേഹം അതു ... പ്പെട്ടതുമാത്രമെന്നു തന്നെ ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തോടല്ല ഒരു മതപണ്ഡിതനോടല്ലയോ ഞാൻ.

'കടുവാത്തോമ്മായുടെ ഭാഷ്യം തൻറെ ഭർത്താവാണ്' കൊലപാതകിയെന്നു വിളിച്ചു പറയുന്നതു ശരിയാണോ? കേരളത്തിലെ ഭാഷ്യാർ അങ്ങനെ ചെയ്യുമെന്നു എനിക്കഭിപ്രായമില്ല.....അഭിപ്രായപ്രകടനം കേരളസ്ത്രീകളെ അപമാനിക്കുന്നതായിട്ടുള്ള രീതിയിലുണ്ട്.' എന്നു ഞാൻ എഴുതിയിരുന്നു. അതു വായിച്ച ശേഷം 'കൊലയും കൊലക്കയറുമല്ലയോ ഇവിടെ നിത്യസംഭവമാണോ? ബഹുമാന്യപിതാവേ കേരളീയരും കടുവാത്തോമാപ്രതിപുരുഷന്മാരാണോ?യെന്നു ശ്രീ പുത്തൻതറ ... അർത്ഥപ്പെടുന്നു. ഞാൻ എഴുതിയ വാചകങ്ങൾക്കു അദ്ദേഹം നല്കുന്നതാണു അർത്ഥമെങ്കിൽ, ഭാഷ കൈകൊണ്ടും ചെയ്യുവാനുള്ള എന്റെ കഴിവുകുറവിനെ ഞാൻ ശോചിക്കേതന്നെ വേണം. സമയം മനുഷ്യനെ മാറ്റുമാറാ, എന്റെ വാചകങ്ങളെ അദ്ദേഹം മറിക്കൽകൂടി വായിക്കണമേയെന്നു ഞാൻ അപേക്ഷിക്കുകയാണ്:

'കന്യാസ്ത്രീ രഹസ്യത്തിലൂടെയല്ലാതെ ആ രഹസ്യം അറിഞ്ഞിട്ടുള്ള ഒരു യഥാർത്ഥ കത്തോലിക്കനെങ്കിൽ, ദിവ്യരഹസ്യാധിഷ്ഠിതമായ കൂദാശകളിൽ കയറേണ്ടിവരുമ്പോൾ, ഒരു ഭാഷ്യക്കു ഭർത്താവു നഷ്ടപ്പെടാതിരിക്കുവാൻവേണ്ടി, നിശ്ശബ്ദരായിരിക്കണമോ?'യെന്നു ശ്രീ പുത്തൻതറ ചോദിക്കുന്നു. വേണ്ടെന്നാണ് ആ പറഞ്ഞതു? ഏതായാലും ഞാൻ അങ്ങനെ പഠിച്ചിട്ടില്ല. ഒരു ഭാഷ്യക്കു ഭർത്താവു നഷ്ടപ്പെടുന്നുമില്ലാ ഇവിടത്തെപ്പോലും. (ഭാഷ്യാർത്ഥത്തിനു ഭർത്തൃത്വം നഷ്ടപ്പെടുകയെന്ന സാമൂഹ്യപ്രശ്നം ഉണ്ടായിരുന്നെങ്കിലും.)

'ഒരു ഭാഷ്യ അവളുടെ ഭർത്താവിനെ കഠിനമായി ശിക്ഷിക്കുന്നതിൽ ദേശം നീതിന്യായമായ ഒരുവൻ കാഠിന്യക്കാരനായി ശിക്ഷയെ ഭവിക്കുകയെന്നായാണ്' എന്നും ഞാൻ പ്രഖ്യാപിച്ചിട്ടുണ്ട്. എങ്കിൽ ആഗ്രഹത്തിനു 'കത്തോലിക്ക സഭയിലെന്നല്ല കരിഭൂമിയുടെ ന്യായീകരണം ഉണ്ടാകുകയില്ല'എന്നു ശ്രീ ജോസഫ് പുത്തൻതറ കുട്ടയ്ക്കു സമർത്ഥിക്കുന്നു. Roma locatact Causa finicia (റോമാ വിധിച്ചു, കേസ്സും തീർന്നു) എന്നു പറഞ്ഞതുപോലെ പുത്തൻതറ പറഞ്ഞാൽ പിന്നെ അതിനപ്പീലില്ലല്ലോ. കരിഭൂമിയുടെ ന്യായീകരണം കിട്ടുകയില്ലെന്നു പറഞ്ഞാലോ? ഏതായാലും എങ്കിൽ ഭാഷ്യ എന്നെ ഓഹരി കൊടുക്കേകയില്ലെന്നോ? എനിക്കു പരിപൂർണ്ണബോധ്യമാണ്. ശ്രീ പുത്തൻതറയുടെ അനുഭവം മറിച്ചാണെങ്കിൽ എനിക്കതിൽ അഭിപ്രായം അസൂയയില്ല.

'നിരപരാധിശിക്ഷിക്കപ്പെടുമ്പോൾ സത്യം ഗ്രഹിച്ച മനസ്സാക്ഷിയുടെ വായ് പൊത്തിപ്പിടിച്ചുകൊള്ളണമെന്നോ?' എന്നു അദ്ദേഹം ചോദിച്ചാൽ ഞാൻ കുഴങ്ങിപ്പോകും. പരമകാരുണ്യവാനായ ശ്രീ പുത്തൻതറയുടെ മുന്നിൽനിന്നുകൊണ്ടു ഭാഷ്യ ഒരു മതപണ്ഡിതനെയും തന്റെ ഭർത്താവിനെ കൊലപാതകിയെന്നു വിളിച്ചു പറയുന്നതു ശരിയാണോ? കേരളത്തിലെ ഭാഷ്യാർ അങ്ങനെ ചെയ്യുമെന്നു എനിക്കഭിപ്രായമില്ല.....അഭിപ്രായപ്രകടനം കേരളസ്ത്രീകളെ അപമാനിക്കുന്നതായിട്ടുള്ള രീതിയിലുണ്ട്.' എന്നു ഞാൻ എഴുതിയിരുന്നു. അതു വായിച്ച ശേഷം 'കൊലയും കൊലക്കയറുമല്ലയോ ഇവിടെ നിത്യസംഭവമാണോ? ബഹുമാന്യപിതാവേ കേരളീയരും കടുവാത്തോമാപ്രതിപുരുഷന്മാരാണോ?യെന്നു ശ്രീ പുത്തൻതറ ... അർത്ഥപ്പെടുന്നു. ഞാൻ എഴുതിയ വാചകങ്ങൾക്കു അദ്ദേഹം എന്നുതന്നെ ... പ്പെടുന്നുവ

അഖിലേന്ത്യാ വ്യവസായിക-കാർഷിക പ്രദർശനം

പുത്തരിക്കണ്ടം മൈതാനം അണിഞ്ഞൊരുങ്ങുന്നു

തിരുവനന്തപുരം, ജനുവരി 16

തിരുവനന്തപുരം നഗരത്തിന്റെ മദ്ധ്യഭാഗത്തുള്ള ഇരുപത്തഞ്ചര ഏക്കർ സ്ഥലത്ത്, സിറ്റി കോർപ്പറേഷന്റെ അഭിമുഖ്യത്തിൽ നടത്താനുദ്ദേശിക്കുന്ന അഖിലേന്ത്യാ വ്യവസായിക-കാർഷിക-കലാപ്രദർശനത്തിനുവേണ്ട സജ്ജീകരണങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

ആയിരത്തോളം തൊഴിലാളികൾ രാപകലില്ലാതെ സ്റ്റാളുകളുടെ നിർമ്മാണത്തിൽ വ്യാപൃതരായിരിക്കയാണ്. റിപ്പബ്ലിക്കദിനത്തിന്റെ തലേദിവസം ഉൽഘാടനം ചെയ്യപ്പെടുന്ന ഈ പ്രദർശനം ഒരു മാസം നീണ്ടുനില്ക്കും. ഇന്ത്യയിലെ പ്രത്യേകിച്ച് കേരളത്തിൽ നടക്കുന്ന വിധ വികസനപ്രവർത്തനങ്ങളുടെ ഒരു ചിത്രം പ്രതിഫലനമായിരിക്കും ഈ പ്രദർശനമെന്നു കരുതപ്പെടുന്നു.

സംസ്ഥാന ഗവണ്മെന്റിൻറെ വിവിധ വകുപ്പുകൾക്ക് പ്രത്യേക പവിലിയനുകളുണ്ടായിരിക്കും. പ്രദർശനരംഗമായ പുത്തരിക്കണ്ടം മൈതാനിയിൽ സജ്ജീകരിക്കപ്പെടുന്ന 450 സ്റ്റാളുകളിൽ അരപങ്കും ഇതിനുവേണ്ടി നീക്കിവച്ചിരിക്കുന്നു.

കേരള സഹ്യകലാശാലയുടേയും ബന്ധപ്പെട്ട ഗവണ്മെന്റു വകുപ്പുകളുടേയും സഹകരണത്തോടുകൂടി മത്സ്യവിഭ്യാസ-ശാസ്ത്രീയ എഞ്ചിനീയറിംഗ് വിഭാഗം സംഘടിപ്പിക്കുവാനും ഉദ്ദേശമുണ്ട്.

കലാ-സാംസ്കാരികപരിപാടികളും പ്രദർശനത്തോടനുബന്ധിച്ചു നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. നാടകങ്ങൾ, ക്ലാസിക്കൽസംഗീതം, ഗാനമേള, ചിത്രരജന-കൊത്തുപണി-ഫോട്ടോഗ്രാഫി എന്നിവയിൽ മത്സരം, ശിൽപ്രദർശനം എന്നിവയാണ് ഈ വിഭാഗത്തിൽപ്പെടുന്നത്. പ്രദർശനഗ്രൗണ്ടിൽ ഒരു സ്റ്റാൻഡേഡ് ഹോട്ടലും തുറക്കപ്പെടുന്നതാണ്.

Wanted 2 qualified M. S. As for Short leave vacancies in St. George's H S Puttekkara Qualified hands within agelimits and pensioners below 59 years may apply by registered post within 10 days to the manager with copy to the D E O Trichur.

സുബ്രഹ്മണ്യത്തിന് സ്വരൺസിങ്ങിന്റെ സന്ദേശം

(പി ടി ഐ) ന്യൂഡൽഹി ജ.15

ഐക്യരാഷ്ട്രങ്ങളിൽനിന്ന് പിൻവാങ്ങുന്നതിനുള്ള തീരുമാനത്തെ പുനഃപരിശോധനചെയ്യുവാൻ ഇന്ത്യ ഇന്തോനേഷ്യയോട് നേരിട്ട് അഭ്യർത്ഥിച്ചിരിക്കുന്നു. ജക്കാർത്തയുടെ ഈ നീക്കത്തിൽ ഉല്ക്കണ്ഠ പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു സന്ദേശം വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് ഇന്തോനേഷ്യൻ വിദേശകാര്യമന്ത്രി ഡോക്ടർ സുബാന്ദ്രിയോക്ക് ബുധനാഴ്ച അയക്കുകയുണ്ടായി. ഐക്യരാഷ്ട്രങ്ങളെ ലോകസഭയും, നിലനിന്നുപോരുന്നതിനു വേണ്ടി ഇന്തോനേഷ്യ അതിനോടു തീരുമാനത്തെ പുനഃപരിശോധനചെയ്യുമെന്നു സ്വരൺസിങ്ങ് ആശപ്രകടിപ്പിച്ചു.

....

ബ്രിട്ടൻ കൂടുതൽ സേനകളെ അയക്കുന്നു.

(റോയിട്ടർ) ലണ്ടൻ ജനു. 16

വിദൂര പൌരസ്ത്യ ദേശത്തേക്ക് ബ്രിട്ടൻ കൂടുതൽ സേനകളെ അയക്കുവാൻ തീരുമാനിച്ചിരിക്കുന്നു ഒരു ബ്രിഗേഡ് ഗ്രൂപ്പിനെയാണ് ഇങ്ങിനെ അയയ്ക്കുന്നത്. ഈ സേനകൾക്കു ആവശ്യമായ സാമഗ്രികളും കടൽവഴിക്കും, സേനകൾ വിമാനമാർഗ്ഗവുമാണ് നീങ്ങുന്നതു്. ആറു ആഴ്ചകൊണ്ടിതു പൂർത്തിയാകുമെന്നു കരുതപ്പെടുന്നു.

—

മാർക്കറ്റ്

(ജനുവരി 16 ശനി)

	തൃശ്ശൂർ	ആലപ്പുഴ	കൊച്ചി
വെളിച്ചെണ്ണ (കപ്പാസിനു്)	318 50	312-00	318-00
,, മറ്റിനം ,,	.... —	311-50	313-75
കൊപ്ര പുകയാതെ ,,	217-50	213-00	216-74
,, പുകയുന്നത് ,,	.... —	218-00	.....
പിണ്ണാക്ക് ,,	59-00	60-00	61-00
ഇരുമ്പൻ ,,	.....	408-25	275 00
തേങ്ങ (മുതൽപ്പുറം)	.....	408-25	314-85
കുരുമുളക് ,,	390 00	432 25	402-00
,, വരവു മേയി ,,	—	450-00	.....
,, കണക്കൻ ,,	—	150-00	.....
ഉണക്ക് ,,	650-00	400-00	310 00
ചുക്കു് ,,	125-00	120-00	190-00
ഏലയ്ക്കാ ,,	.....	.....	525-00
മഞ്ഞൾ വരി പുര് (20 കിലോ)	115-40	—	—
കിലിച്ചു് ,,	140-50	—	—
കാപ്പിക്കുരു (50 കിലോ)	280-50	.....	.....
,, പുരാണ്	400-25	.....	.....
കശുവണ്ടിപ്പരിപ്പു്	110-00	—	110-00
കശുവണ്ടി	.....	.....	.....
,, തോടു്	.....	.....	.....
കൊപ്ര (സി. ഇ.)	.....	.....	.....
കൊപ്രാപ്പിണ്ണാക്ക്	.....	.....	.....
കൊപ്രാപ്പിണ്ണാക്ക് (കപ്പാസ്)	.....	—	.....
ഗുരുവായൂർ ,,	.....	115-00	.....
കോട്ടയം ,,	.....	110-00	.....

കാമരാജ് മടങ്ങി; ജനു: 28നു് വീണ്ടും വരും

(പി ടി ഐ) തിരു: ജനു: 16

സംസ്ഥാനത്തെ കോൺഗ്രസ്സ് തിരഞ്ഞെടുപ്പു പ്രവർത്തനങ്ങളോടനുബന്ധിച്ച 3 ദിവസത്തെ സന്ദർശനത്തിനുശേഷം വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് ഇന്തോനേഷ്യയോട് നേരിട്ട് അഭ്യർത്ഥിച്ചിരിക്കുന്നു. ജക്കാർത്തയുടെ ഈ നീക്കത്തിൽ ഉല്ക്കണ്ഠ പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരു സന്ദേശം വിദേശകാര്യമന്ത്രി സ്വരൺസിങ്ങ് ഇന്തോനേഷ്യൻ വിദേശകാര്യമന്ത്രി ഡോക്ടർ സുബാന്ദ്രിയോക്ക് ബുധനാഴ്ച അയക്കുകയുണ്ടായി. ഐക്യരാഷ്ട്രങ്ങളെ ലോകസഭയും, നിലനിന്നുപോരുന്നതിനു വേണ്ടി ഇന്തോനേഷ്യ അതിനോടു തീരുമാനത്തെ പുനഃപരിശോധനചെയ്യുമെന്നു സ്വരൺസിങ്ങ് ആശപ്രകടിപ്പിച്ചു.

....

ആലപ്പുഴ വാർത്തകൾ

ജനു: 15

ആലപ്പുഴ ഡി. എസ്സ്. പി.യെ സേവിട്ടുകണ്ട അപേക്ഷകരും സമർപ്പിക്കേണ്ട തിനോ പരാധികരും ബോധിപ്പിക്കേണ്ട തിനോ ആഗ്രഹിക്കുന്നവർക്ക് അദ്ദേഹം ഫെബ്രുവരി 2-ാം തീയതി രാവിലെ 10 മുതൽ 11 വരെയുള്ള ഒരു മണിക്കൂർസമയം അനുവദിച്ചിട്ടുള്ളതായി ഇവിടെ അറിയിച്ചിരിക്കുന്നു.

റിപ്പബ്ലിക ദിനാഘോഷം

ഈ കൊല്ലത്തെ റിപ്പബ്ലിക്കദിനാഘോഷം സംബന്ധിച്ച വിശദവിവരങ്ങൾ കലക്ടർ അറിയിക്കുന്നു. രാവിലെ 7-30 ന് പതാക ഉയർത്തൽ. തുടർന്നു് പരേഡ്, മാർച്ചുപാസ്റ്റ്, സമ്മാനദാനം, കലാപരിപാടികൾ എന്നിവയുണ്ടായിരിക്കും. ഘോഷയാത്രയിൽ പങ്കെടുക്കുന്ന വാഹനങ്ങൾ രാവിലെ 8 മണിക്കു മുമ്പായി പരേഡ് ഗ്രൗണ്ടിൽ എത്തിച്ചേരണം. ഘോഷയാത്രയിൽ പങ്കെടുക്കുന്ന വാഹനങ്ങൾ ഏതൊക്കെയെന്നു മുൻകൂട്ടി അറിയിക്കണം. ഘോഷയാത്രയിൽ പങ്കെടുക്കുന്ന വാഹനങ്ങൾ ഏതൊക്കെയെന്നു മുൻകൂട്ടി അറിയിക്കണം. ഘോഷയാത്രയിൽ പങ്കെടുക്കുന്ന വാഹനങ്ങൾ ഏതൊക്കെയെന്നു മുൻകൂട്ടി അറിയിക്കണം.

അപേക്ഷകരും ക്ഷണിക്കുന്നു

ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ പന്തളം, മാവേലിക്കര എന്നിവിടങ്ങളിൽ നടന്നുവരുന്ന മോഡൽ വെൽഫെയർ സെന്ററുകളിൽ, ആശാരിപ്പണി, മൂരൽപ്പണി, തുന്നൽ, എന്നീ തൊഴിലുകളിലും, കലവൂരുള്ള ഇന്ദിരാഗാന്ധി ടെയ്നിംഗ് സെന്ററിൽ കയറുൽപ്പന്ന നിർമ്മാണജോലികളും പഠിക്കുന്നതിനായി ചേരണമെന്നാഗ്രഹിക്കുന്ന ഹരിജനങ്ങളിൽനിന്നു ആലപ്പുഴ ജില്ലാ വെൽഫെയർ ആഫീസർ അപേക്ഷകരും ക്ഷണിച്ചിരിക്കുന്നു. 12 നും 35-നും മദ്ധ്യേ പ്രായമുള്ളവർക്ക് ഇതിലേയ്ക്കു അപേക്ഷിക്കാവുന്നതാണ്. കൂടുതൽ പരീക്ഷായോഗ്യതയുള്ളവർക്കും 15നും 25നും മദ്ധ്യേ പ്രായമായവർക്കും മുൻഗണന ലഭിക്കും, പ്രായം, പരീക്ഷായോഗ്യത, ജാതി മുതലായവ കാണിക്കുന്ന സർട്ടിഫിക്കേറുകളും സഹിതം ഫെബ്രുവരി 15-ാം തീയതിക്കുമുമ്പു അപേക്ഷകർ അതാതു താലൂക്ക് വെൽഫെയർ ഇൻസ്പക്ടർമാർക്ക് കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണ്. രണ്ടുവർഷത്തേക്കു നിലനിൽപ്പുള്ളതും പരിശീലനത്തിനു തിരഞ്ഞെടുക്കപ്പെടുന്നവർക്കു പ്രതിമാസം 25 രൂപാവീതം സ്റ്റൈപ്പണ്ടനൽകുന്നതുമായിരിക്കും. (സ ലേ)

അമേച്വർ അത്ലറ്റിക് മീറ്റ്

വിവിധ ജില്ലകൾക്ക് ലഭിച്ച പോയിൻറുകൾ

(സ ലേ) കോട്ടയം, ജനു 16

ഇന്നലെ കോട്ടയത്തുവച്ച് സമാപിച്ച കേരള സ്റ്റേറ്റ് 8-ാം അമേച്വർ അത്ലാന്റിക് മീറ്റിൽ വിവിധ ജില്ലകൾക്ക് ലഭിച്ച പോയിൻറുകൾ താഴെ കൊടുക്കുന്നു.

ജില്ല	പുരുഷന്മാർ	ആൺകുട്ടികൾ	സ്ത്രീകൾ	പെൺകുട്ടികൾ
ആലപ്പുഴ	4	51	3	—
കോഴിക്കോട്	—	—	—	—
എറണാകുളം	23	14	15	29
കോട്ടയം	17	26	33	27
കണ്ണൂർ	16	11	3	10
പാലക്കാട്	3	—	—	—
കൊല്ലം	44	19	—	13
തൃശ്ശൂർ	18	6	—	—
തിരുവനന്തപുരം	59	8	54	20
കേരളാ പോലീസ്	32	—	—	—

അണുശക്തി ഗവേഷണത്തിൽ ഇന്ത്യ മുന്നണിയിൽ

(പി ടി ഐ) ന്യൂഡൽഹി, ജനുവരി. 16

അണുശക്തി ഗവേഷണത്തിൽ തങ്ങൾ രാജ്യത്തേക്കാളും കൂടുതൽ പുരോഗതി ഇന്ത്യക്കുണ്ടായിട്ടുണ്ടെന്നു് യുഗോസ്ലാവ് അണുശക്തികമ്മീഷൻറെ ചെയർമാൻ ഡോക്ടർ ആൻഗൺ മോൺ ജക്ക് ഇന്നിവിടെ ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചു.

ശാസ്ത്രീയ-സാങ്കേതിക ഗവേഷണത്തിൽ ഇരു രാജ്യങ്ങളും അടുത്തു് സഹകരിക്കുന്നതു് ഇരുരാജ്യങ്ങളുടെയും സമ്പത്തിക വികസനത്തിനു് ഉപകരപ്രദമായിരിക്കുമെന്നു് അദ്ദേഹം പറഞ്ഞു.

ഇലക്ട്രോണിക്സു്, ഇൻസ്ട്രുമെണ്ടേഷൻ, സിവിൽ എഞ്ചിനീയറിംഗ് തുടങ്ങിയ മേഖലകളിലും സംബന്ധിക്കുന്ന പഠനം എന്നീ കാര്യങ്ങളിൽ യുഗോസ്ലാവ്യക്കു് ഇന്ത്യയുടെ സഹായിക്കുവാൻ കഴിയും. ഇതേ സന്ദർഭത്തിൽ ആസൂത്രണത്തിലും, ശാസ്ത്രീയ ഗവേഷണത്തെ സംബന്ധിക്കുന്ന ഗവേഷണ കാര്യങ്ങളിലും യുഗോസ്ലാവ്യക്കു് മാർഗ്ഗദർശനം നൽകുവാൻ ഇന്ത്യക്കും കഴിയും.

—

ജനുവരി 17 ഞായർ

തിരുവനന്തപുരം, കോഴിക്കോട്-തൃശ്ശൂർ

454.5, 441.2, 517 മീറ്റർ

രാവിലെ

6-50 രംഗോലിയും

6-55 പ്രഭാതഭേരി

7-00 ഭക്തിഗാനം

7-25 ഇന്നത്തെ ചിന്താവിഷയം

7-30 വാർത്തകളും മലയാളത്തിൽ

7-45 സംഗീതപാഠം

8-00 വാർത്തകളും ഇംഗ്ലീഷിൽ

8-15 ബാലലോകം

8-45 തമിഴപൊൽ മാലൈ

ഉച്ചക്ക്

12-30 പ്രാദേശികവാർത്തകളും

12-35 ചലച്ചിത്രഗാനങ്ങളും

12-45 വനിതാമണ്ഡലം

1-20 വാർത്തകളും മലയാളത്തിൽ

1-30 ലളിതഗാനങ്ങളും

1-40 വാർത്തകളും ഹിന്ദിയിൽ

1-50 സുഗമസംഗീതം

2-00 കാലാവസ്ഥ

വൈകിട്ട്

5-00 പാട്ട് [മങ്കൊമ്പു രൻ] വയലിൻ [കെ. സുന്ദരരാജൻ] മൃദംഗം [ശേഷമണി]

6-00 പ്രാദേശിക അറിയിപ്പ്

6-05 പ്രാദേശികവാർത്തകളും

6-15 നാടൻപാട്ടും

7-00 കഥകളിപ്പദങ്ങളും

7-30 വാർത്തകളും മലയാളത്തിൽ

7-45 തരംഗങ്ങളും

8-00 ആവശ്യപ്പെട്ട റിക്കാർഡുകളും

8-30 കവിതാലാപനം

8-45 പ്രാദേശിക സംഗീതം

8-55 ഇന്നത്തെ ചിന്താവിഷയം

9-00 വാർത്തകളും ഇംഗ്ലീഷിൽ

9-15 ഹോക്കസ്സ്

9-30 ഗാനസുധ

10-30 വീണ

10-35 സമാപനം

കോഴിക്കോട് ബി

275.2 മീറ്റർ.

(വിവിധഭാരതിവഴിയിലെ)

രാവിലെ

7-00 ഭക്തിഗാനം

7-30 സംഗീതം

7-45 ഉപകരണസംഗീതം

8-00 ദേശീയമനോജ്ഞജല ഗാനസഭയും

8-15 വാർത്തകളും ഹിന്ദിയിൽ

8-30 സമ്മിശ്രഗാനങ്ങളും

9-28 ഇന്നത്തെ സുപ്രധാന സംഭവങ്ങളും

10-15 [ഞായറാഴ്ചമാത്രം]

11-00 സംഗീതം

11-30 പ്രചാരത്തിലുള്ള ഈണങ്ങളും

11-45 ലളിതഗാനവും

12-00 സംഗീതം

വൈകിട്ട്

2-00 ആവശ്യപ്പെട്ട പരിപാടി

3-30 [ഞായറാഴ്ചമാത്രം]

4-00 പ്രഭാപിച്ച ഗാനങ്ങളും

4-15 വിവിധസംഗീതം

4-45 സംഗീതം [ഞായർ, ബുധൻ, വെള്ളിമാത്രം]

5-45 സായുധസേനക്കുവേണ്ടി [ആവശ്യപ്പെട്ടവ]

6-30 സംഗീതം

7-00 പുഷ്പവലി (സംഗീതം)

7-30 തപാൽപെട്ടി

7-40 അഭിരുചിസംഭാഷണങ്ങളും

7-45 നാടോടിപ്പാട്ടുകളും

8-00 ഗാനങ്ങളും

8-15 വാർത്തകളും ഹിന്ദിയിൽ

8-30 ആവശ്യപ്പെട്ട പരിപാടി

9-30 നാടകം

റേഡിയോ

ഡെറാറിനുകളുടെ മോചനം പ്രക്ഷോഭണം ശക്തിപ്പെടുത്തണമെന്നു ഇ എം എസ്

(പി ടി ഐ) തിരുവനന്തപുരം, ജ 16

ജനുവരി 24 ഡെറാറിനു വിമോചനദിവസമായി ആചരിക്കുവൻ ഇടതുപക്ഷകക്ഷികളോടു പാർട്ടി സിക്രട്ടറി ഇ എം എസ് നമ്പൂതിരിപ്പാട് തന്റെ പാർട്ടിയുണിറകളോട് ആവശ്യപ്പെട്ടിരിക്കുന്നു.

ഇടതുപക്ഷകമ്മ്യൂണിസ്റ് നേതാക്കളെ അറസ്റ് ചെയ്തിട്ട് ഇപ്പോൾ മൂന്നാഴ്ചയായി. അറസ്റ്കളിലുള്ള പ്രതിഷേധം പലപ്രകടനത്തിലും പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും, അതുകൊണ്ട് പ്രയോജനമുണ്ടായിട്ടില്ല. ഈ പുറവാടകളിൽ അറസ്റ് ചെയ്യപ്പെട്ടവരെ വിട്ടുകിട്ടുന്നതിനുള്ള പ്രക്ഷോഭണം ശക്തിപ്പെടുത്തണമെന്ന് നമ്പൂതിരിപ്പാട് പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ പറയുന്നു.

പള്ളിയിൽകടന്നു് നേർച്ചപ്പെട്ടി മോഷ്ടിച്ചു

ചെന്നേരി, ജനു 16

ഇക്കഴിഞ്ഞ ദിവസം രാത്രി ചെന്നേരി ഫൊറോനാപ്പള്ളിയുടെ കോൺക്രീറ് ജനലഴി ഭേദിച്ച് അരക്ക തസ്സറന്മാർ അകത്തുകടന്നു് പള്ളിയകത്തുണ്ടായിരുന്ന രണ്ടുനേർച്ചപ്പെട്ടികളും മോഷ്ടിച്ചു പള്ളിയുടെ പരിസരത്തുവച്ചു് കത്തിപൊളിച്ചു് പണം അപഹരിച്ചുനിലയിൽ കാണപ്പെട്ടിരിക്കുന്ന വിവരങ്ങറിയിച്ചതനുസരിച്ചു് ശ്രീകണ്ഠപുരം പൊലീസ് സബ്ബ് ഇൻസ്പെക്ടർ സ്ഥലത്തു് വന്നു് മഹസർ തയ്യാറാക്കി പോയിരിക്കുന്നു.

.....

ശാസ്ത്രിക്ക യോജിപ്പ്

ന്യൂഡൽഹി ജനു 16

കോമൺവെൽത്തു് പ്രധാനമന്ത്രിമാരുടെ സമ്മേളനം ഈ വർഷം ജൂണിനുപകരം പകുതിയിൽ നടത്തണമെന്ന നിർദ്ദേശത്തോടു് യോജിപ്പു പ്രകടിപ്പിച്ചുകൊണ്ടു് പ്രധാനമന്ത്രി ശാസ്ത്രി ബ്രിട്ടീഷ് പ്രധാനമന്ത്രിക്കു് ഒരു സന്ദേശമയച്ചിരിക്കുന്നതായി റിപ്പോർട്ട ചെയ്യപ്പെടുന്നു.

ലണ്ടനിൽ ചേരുന്ന ഈ സമ്മേളനത്തിൽ ശാസ്ത്രി പങ്കെടുക്കുമെന്നറിയുന്നു. (പി ടി ഐ)

4 ലക്ഷം പറനെല്ല് കൂടുതലായി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതി

മാള ബ്ലോക്ക് വികസനസമിതി അംഗീകരിച്ചു

മാള ബ്ലോക്കിലെ പഞ്ചായത്തുപ്രസിഡണ്ടുമാരുടെയും വിവിധസംഘടനാപ്രതിനിധികളുടേയും ഒരു യോഗം ബ്ലോക്കാഫീസറുടെ അദ്ധ്യക്ഷതയിൽ കൂടി. സി. വി. തരിയൻ, എ. എം. അലി, എ എച്ച് അലിമ, എന്നിവർ പ്രസിഡണ്ടു് ദൈവസ് പ്രസിഡണ്ടു്, ജോയിൻറ്സിക്രട്ടറിയായും, ശ്രീകരി വരസൻ, കൃഷി വികസന ഓഫീസർ, സിക്രട്ടറിയായും ഉള്ള ഒരു ബ്ലോക്ക് ലെവൽ കമ്മിറ്റി രൂപീകരിച്ചു. ഒന്നാം കൃഷി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു് അടിയന്തിരമായി നടപടി സ്വീകരിക്കുവാനും, ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിച്ചു് കൃഷിനിലങ്ങൾ ഇരട്ടിപ്പും തരിശുഭൂമിയാക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കുവാനും തീരുമാനിച്ചു. പഞ്ചായത്തുകൾതോറും കമ്മറ്റി രൂപീകരിക്കുവാനും, താല്പര്യമുള്ള കർഷകരുടെ സഹകരണം തേട

തൊഴിലാളി- 17_1_65 സൺഡേ സപ്ലിമെന്റ്

പാർലിമെണ്ടറി സമ്പ്രദായം

ബോധപൂർവ്വം നശിപ്പിക്കേണ്ട ഒരു പാത

(ഡോ: എം. കെ. പവിത്രൻ)

എല്ലാവർക്കും തുല്യമായ നീതിയും തുല്യമായ സുഖസൗകര്യങ്ങളും ലഭിക്കുക എന്നതാണ് ഡെമോക്രസിയുടെ കാതൽ. അതു നല്കാൻ കഴിയാത്ത ഗവണ്മെൻറിനെ മാറ്റിച്ചിട്ട് ആശയ്ക്കു വകയുള്ള മറേറതെങ്കിലുമൊരു കക്ഷിയെ അവരോധിക്കുവാനുള്ള സ്വാതന്ത്ര്യം ഡെമോക്രസി നല്കുന്നു.

പാർലിമെൻറി സമ്പ്രദായം വിഷമാവസ്ഥകൾക്കെല്ലാം ഒരു പരിഹാരമാണോ? ആണെന്നും പാവാൻ പ്രയാസമുണ്ട്. താന്ത്രികമായെങ്കിലും, പാർലിമെൻറി വ്യവസ്ഥയിൽ വ്യക്തിയെ ഞെരുക്കുന്നതിനേക്കാൾ ഏറെ ഞെരുക്കുന്നതിനുണ്ട്. അവൻ സ്വയം ഭരിക്കുകയാണ്. അവൻ വന്നാൽ ഗവണ്മെൻറ്, ഗവണ്മെൻറ് അവനുമാണ്. വളരെ സുന്ദരമായ സങ്കല്പം. പക്ഷേ യാഥാർത്ഥ്യമോ?

കക്ഷിയെല്ലാം ജനതയല്ല

ജനതയുടെ ആശയാഭിലാഷങ്ങളുടെ കണ്ണാടിയാണ് കക്ഷികൾ എന്നാണ് വെപ്പ്. (മറിച്ച്, കക്ഷികൾ തങ്ങളുടേതായ താല്പര്യങ്ങളെ ജനതയിൽ അടിച്ചേല്പിക്കുകയാണോ എന്ന സംശയം അവിടെ നില്പുണ്ട്.) ഏതായാലും ജനവിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന കക്ഷികളാണ് പാർലിമെൻറിസമ്പ്രദായത്തിൽ അധികാരത്തിനുവേണ്ടി മത്സരിക്കുന്നതു്. ഭൂരിപക്ഷം വോട്ടുനേടുന്ന കക്ഷി അധികാരം പിടിച്ചടക്കുന്നു. എന്നുവെച്ചാൽ, ഇതരകക്ഷികളുടെയുള്ള ജനതയെ ഭൂരിപക്ഷകക്ഷി ഭരിക്കുന്നു. അപ്പോൾ പ്രതിപക്ഷത്തുള്ള കക്ഷികൾക്കും അവക്ക് വോട്ടുനല്കിയ ജനങ്ങൾക്കും അതു തങ്ങളുടെ ഗവണ്മെൻറാണെന്ന് അവകാശപ്പെടാൻ സാധിക്കുമോ? — ഒരു പോടുമാണ്. ഭൂരിക്കട്ടെ; അവർ നിരാശപ്പെട്ടോട്ടെ; കാരണം അവക്ക് പ്രതീക്ഷിച്ചു ധാരാളം വകയുണ്ട്. തങ്ങളുടേതായ ഗവണ്മെൻറെങ്കിലുണ്ടാകുമെന്നുള്ള അവസരം അവക്ക് നഷ്ടപ്പെട്ടുപോകുന്നില്ല. തിരഞ്ഞെടുപ്പുകൾ ഇനിയും വരും. പക്ഷേ, അതുകൊണ്ടുമാത്രമായോ? ഒരു വസ്തുവിനെ ഭൂവിടെ കീറാമുട്ടിപോലെ കിടക്കുന്നു. അവസാനവിശകലനത്തിൽ, പാർലിമെൻറിസമ്പ്രദായത്തിൽ നടക്കുന്നത്, ഒരു വിഭാഗം ആളുകൾ മറ്റൊരു വിഭാഗത്തെ ഭരിക്കുക എന്നതുമാത്രം.

അതുകൊണ്ടു വലിയ ദോഷമില്ല

അധികാരം പിടിച്ചുപറ്റുന്നത് ഏതെങ്കിലും ഒരു കക്ഷിയായിരിക്കാമെങ്കിലും, ആ കക്ഷിയിൽപ്പെടാത്ത ഭൂരിപക്ഷം മാക്ക് ജനാധിപത്യവ്യവസ്ഥയിൽ അപകർഷമൊന്നും സംഭവിക്കുന്നില്ല. പ്രതിപക്ഷത്തുള്ളവക്ക് രണ്ടും പൌരത്വം നൽകുന്ന ഏപ്പാടാണ് ജനാധിപത്യത്തിലില്ല. അതുപോലെ, ഭരണകക്ഷിയിൽപ്പെട്ട ആർക്കും ഇതിലുപരിയായ ഗുണങ്ങളൊന്നും ലഭിക്കുവാൻ അവകാശവുമില്ല. എല്ലാവർക്കും തുല്യമായ നീതിയും തുല്യമായ സുഖസൗകര്യങ്ങളും ലഭിക്കുക എന്നതാണ് ഡെമോക്രസിയുടെ കാതൽ. അതു നൽകാൻ കഴിയാത്ത ഗവൺമെൻറിനെ മറിച്ചിട്ട് ആശയ്ക്കു വകയുള്ള മറേറതെങ്കിലുമൊരു കക്ഷിയെ അവരോധിക്കുവാനുള്ള സ്വാതന്ത്ര്യം ഡെമോക്രസി നൽകുന്നു. കക്ഷിയല്ല തുടർച്ചയാണ്യം കക്ഷി മെക്കാനിസം ഉപാധിമാത്രമാണ്. പുരുക്കത്തിൽ, ഭൂപ്രതീക്ഷയ്ക്ക് ധാരാളം വകയുണ്ടെന്നാണ് സ്ഥിതി.

പ്രശ്നം സമ്പത്തിക്കമാണ്

ഒരു കക്ഷി തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി വിജയിക്കുക എന്നതിനർത്ഥം ആ കക്ഷിയ്ക്കു രാഷ്ട്രത്തിലെ സമ്പത്തിക്കാധികാരം പൂർണ്ണമായും ലഭിക്കുക എന്നതാണ്. ആ കക്ഷി നിശ്ചിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന നിയമങ്ങൾക്കുവരും രാജ്യത്തെ സമ്പത്തികവ്യവസ്ഥിതിയിന്മേൽ അതു ചെലുത്തുന്ന സ്വാധീനത്തിൻറെ ലക്ഷണങ്ങൾ മാത്രമാണ്. ഓരോ പൌരൻറെയും സാമ്പത്തികസ്ഥിതിയിൽ ഗവർമ്മെൻറ് സ്വാധീനം ചെലുത്തുന്നുണ്ടെന്നു പോലെതന്നെ, ഓരോ പൌരനും അവൻറെ സാമ്പത്തിക നിലവാരത്തിനൊത്തുള്ള ഗവർമ്മെൻറിലും സ്വാധീനം ചെലുത്താൻ കഴിയും. ജനവിഭാഗത്തിൻറെ സാമ്പത്തികശേഷിയുടെ ആക്കത്തിനനുസരിച്ചുള്ള ഗവർമ്മെൻറുകൾ കപടനാടകം ആടുകയായിരിക്കും വാസ്തവത്തിൽ സംഭവിക്കുക.

വർഗ്ഗം രണ്ടു മാത്രം

രാഷ്ട്രത്തിൽ കക്ഷികളോ വിഭാഗങ്ങളോ എത്രതന്നെ ഉണ്ടായിരുന്നാലും, മൊത്തത്തിലും അവസാനവിശകലനത്തിലും വർഗ്ഗം രണ്ടുമാത്രമാണെന്ന കാണാം: ഉള്ളവനും, ഇല്ലാത്തവനും അഥവാ പണക്കാരനും, പാവപ്പെട്ടവനും. ഇവ രണ്ടിനും വർഗ്ഗങ്ങളുടെ നിലനില്പും അവയുടെ വിരുദ്ധസമ്മർദ്ദവുമാണ് എല്ലാതരം ഭരണരീതികളുടെയും പരാജയത്തിനു കാരണമാകുന്നതു്. എത്ര കക്ഷികളെന്നോ പുറം വർഗ്ഗങ്ങളുടെ പ്രതിനിധികളെന്നോ ഭൂപ്രത്യക്ഷത്തിൽ കാണുന്നുണ്ടെങ്കിലും ഭൂപ്രശ്നം വർഗ്ഗങ്ങൾ തമ്മിലുള്ളതാണ്. ഭൂപ്രശ്നം ഒരു ഭൂഷണമായോ വൈകൃതമായോ നിലനിൽക്കുന്നിടത്തോളം, ഗവണ്മെൻറിൻറെ നിയമം അനുസരിക്കാതിരിക്കുന്നതിൽ ധാർമ്മികമായ ന്യായീകരണമുണ്ട്, വ്യക്തിയ്ക്ക്. ന്യായമായ ഭൂപരിസ്ഥിതി അംഗീകരിക്കുവാനും വകവെച്ചുകൊടുക്കുവാനും ഒരു ഗവണ്മെൻറും ഒരുങ്ങുകയില്ല. ഭൂപ ന്യായബോധം ഒരു പൌരനും ഇല്ലാതാനും ധാർമ്മികമായ കടമയെക്കുറിച്ചു ബോധമില്ലാത്ത ഒരു ഭരണകൂടവും, ഞാനെന്ന അവകാശബോധമില്ലാത്ത ഭൂപണ്ഡായ ഒരു ജനതയും ഇള്ള രാഷ്ട്രത്തിൽ ഡെമോക്രസി ഒരിക്കലും വിജയിക്കുകയില്ല.

സാമ്പത്തികസമീകരണം വേണം

ജനാധിപത്യവ്യവസ്ഥിതി ഇവിടെ നിലനില്ക്കുന്നതു നമ്മുടെ ഭാഗ്യമോ, അതോ സമയം ജനാധിപത്യത്തിൻറെ ശവക്കുഴിയൊരുക്കുവാനുള്ള എല്ലാ സാഹചര്യവും ഇവിടെ ഉണ്ടാക്കുന്നുമോ മാനുകൂടാ. ജനാധിപത്യത്തെ ഉറപ്പിച്ചുനിർത്തുന്നതിനുള്ള അടിസ്ഥാന സാമ്പത്തികസമീകരണം മാത്രമാണ്. സാമ്പത്തികസമീകരണം എന്നു പറഞ്ഞാൽ വർഗ്ഗസമീകരണംതന്നെ, അതുതന്നെ, സോഷ്യലിസവും. കമ്മ്യൂണിസ്റ്റ്കാർ വിശ്വസിക്കുന്നതുപോലെ ഒരു കയ്യൂക്കുകൊണ്ടോ ഭൂയുദ്ധിക്കുന്നതോ അവയ്ക്കാരണമാകുന്നതോ അവയ്ക്കാരണമാകുന്നതോ മുക്കാറിയാം. അല്ലെങ്കിൽ, ചരിത്രം നമ്മെ അതു പഠിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. പാർലിമെൻറി വ്യവസ്ഥിതി മാത്രമാണ് സ്വീകാര്യമായ ഒരു വഴിയായി നമ്മുടെ മുമ്പിലുള്ളതു്.

ഉന്നത ധനികവർഗ്ഗത്തെ നിക്കംതിരുകൊണ്ടു വിപ്ലവമുദിച്ച് ഇവ സമീകരണം നേടുമെന്നല്ല നാം വ്യാമോഹിക്കേണ്ട. തൊഴിലാളിവർഗ്ഗത്തിനു അവകാശം നേടിയെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയതുകൊണ്ടാണ് ഇവ സാധിക്കുമെന്നു ധരിക്കേണ്ട. പണമില്ലാക്കാരും കാണ്ട രണ്ടു വിഭാഗങ്ങൾ തമ്മിൽ വർഗ്ഗസമരം നടത്തുകയല്ല ജനാധിപത്യത്തിനു വേണ്ടത്. തൊഴിലാളിവർഗ്ഗത്തിനു്

കഷ്ക_തൊഴ്ലാളി പാർട്ടി — തിരഞ്ഞെടുപ്പ് പ്രകടനപത്രിക

സെൻടൽ സിക്രട്ടറിയേറ്റ് പ്രസിദ്ധീകരിക്കുന്നത്

ആമുഖം

കേരളസംസ്ഥാനപിറവിക്കുശേഷം സംസ്ഥാനനിയമനിർമ്മാണസഭയിലേക്ക് നടക്കുന്ന മൂന്നാമത്തെ തിരഞ്ഞെടുപ്പിനെയാണ് നാം അഭിമുഖീകരിക്കാൻ പോകുന്നത്.

കഴിഞ്ഞുപോയതും, ഇപ്പോൾ നടക്കാൻ പോകുന്നതുമായ എല്ലാ തിരഞ്ഞെടുപ്പുകളും കേരളത്തെ സംബന്ധിച്ചേടത്തോളം ഒരു ജനകീയമന്ത്രിസഭയുടെ കീഴിൽ നടത്തപ്പെടാൻ ഇന്നേവരെ ഇടവന്നിട്ടില്ലെന്നുള്ളതു തന്നെ ഒരു പ്രത്യേകതയാണ്. ഈയിടത്ത തിരഞ്ഞെടുപ്പിലൂടെ 1957_ൽ അധികാരത്തിൽ വന്ന കമ്യൂണിസ്റ്റ് മന്ത്രിസഭയെ കാലാവധിക്ക് മൻപു തന്നെ പ്രസിഡണ്ടു പിരിച്ചുവിട്ടു. 1960_ൽ അധികാരത്തിലേറിയ ഐക്യകക്ഷിസർക്കാർ, കോൺഗ്രസ്സിനെറ കുതികാൽ വെട്ടുകളേടെയും അധികാരപ്രമത്തതയുടേയും ഫലമായി ഏകകക്ഷി ഭരണത്തിൽ വന്നെത്തുകയും അവസാനം 64 സപ്തംബറിൽ സ്വയം വെട്ടിനശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിലാണ് മൂന്നാമതൊരു തിരഞ്ഞെടുപ്പിനെ നാം അഭിമുഖീകരിക്കാൻ പോകുന്നത്.

ഈ ഘട്ടത്തിൽ കേരളത്തിലെ ജനാധിപത്യകക്ഷികളിൽ കേവലം ശിശുപ്രായമായ കഷ്ക_തൊഴിലാളി പാർട്ടി ഇന്നേവരെയുള്ള പാർട്ടിയുടെ വളർച്ചയേയും ബഹുജനപിൻതുണയേയും വിലയിരുത്തികൊണ്ട് ആസന്നമായ തിരഞ്ഞെടുപ്പിൽ ഇടംപ്രഥമമായി മത്സരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഈ വിവരം നാട്ടുകാരെ അറിയിക്കുന്നതിൽ പാർട്ടിക്ക് അതിയായ സന്തോഷമുണ്ട്. ഈ തിരഞ്ഞെടുപ്പിലൂടെ തന്നെ കേവലം നിർണ്ണായകമായ ഭൂരിപക്ഷം നേടിയെടുത്തുകൊണ്ട് പാർട്ടിയുടെ സ്വപ്നം ശവമ്മേണ്ട് കേരളത്തിൽ സ്ഥാപിക്കാൻ കെ. ടി. പി. ക്ക് ഇപ്പോഴും കെൽപുണ്ടെന്ന വ്യാമോഹം ഞങ്ങൾക്കില്ല. എന്നാൽ മർദ്ദിതജനതയുടെ വികാരങ്ങളെ പേറുന്ന ഏതാനും ജനപ്രതിനിധികളെ നിയമസഭയിൽ കടത്തിവിടാനും തടാര പുരോഗമനാത്മകമായ ഒരു കോൺഗ്രസ്സേതര ഭരണത്തിൽ പങ്കുവഹിക്കാനും കെ. ടി. പി. ക്ക് സാധിക്കുമെന്ന് ഞങ്ങളും വിശ്വസിക്കുന്നു.

സ്വാതന്ത്ര്യത്തിനുശേഷം ഇന്നേവരെയുള്ള 17 കൊല്ലകാലത്തെ ദീർഘമായ കോൺഗ്രസ്സ് ഭരണം, രാജ്യത്തിലെ മർദ്ദിതജനവിഭാഗങ്ങൾക്ക്, ആശ്വാസകരമായി തീന്നില്ലെന്നു മാത്രമല്ല ഭാരതത്തിലെ നിഷ്നരും സാധാരണക്കാരുമായ ജനവിഭാഗങ്ങളെ ജീവിക്കാൻ സാധിക്കാത്ത ഒരു മൂറവപാടിൽ എത്തിച്ചിരിക്കുകയാണ്. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥ നീതിപൂർവ്വം പങ്കിടുന്നതിനുവേണ്ടി പഞ്ചവത്സര പദ്ധതികളും അംഗീകരിക്കുമെന്നും പ്രഖ്യാപിക്കുകയും അവ നടപ്പിൽ വരുത്താൻ അനേകായിരം കോടി രൂപ വ്യയം ചെയ്യുകയും ചെയ്തശേഷം ഇന്ത്യയുടെ അവിഭാജ്യഘടകമായ കേരളത്തിലെ ഒന്നേമുക്കൽ കോടി ജനങ്ങൾക്ക് ഒരു നേരത്തെ ക്ഷേണംപോലും കൊടുക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ രാഷ്ട്രത്തിനു നേരിടേണ്ടിവന്നതു് എന്നോർക്കുമ്പോഴാണ് പഞ്ചതിയുടെ പൊള്ളത്തരവും ആ വടി സോഷ്യലിസ്റ്റ് പ്രണേതാക്കളുടെ ജനവഞ്ചനയും പുറത്തു ചാടുന്നതു്. കോൺഗ്രസ്സിനെറ ഒന്നരവുഴവട്ടകാലത്തെ ഈ ഭരണംകൊണ്ട് ദരിദ്രർ കൂടുതൽ ദരിദ്രരായിത്തീരുകയും സമ്പന്നർ കൂടുതൽ സമ്പന്നരാവുയും ചെയ്തുവെന്നതാണ് പരമാർത്ഥം. ഇതിനെ നിഷേധിക്കാൻ ഹൃദയമുള്ള ആർക്കുണ്ട് സാധിക്കുക? ഇന്ത്യയുടെ പൊതുചിത്രം ഇതാണെങ്കിൽ കേരളത്തിലെ കോൺഗ്രസ്സ് ഭരണം മറ്റിതരസ്ഥിതിവിശേഷങ്ങളെ അപേക്ഷിച്ച് ഹീനവും ജുഗുപ്സാവഹവുമായിരുന്നു.

'60_ൽ അധികാരത്തിലേറിയ ശങ്കര_ശങ്കരസക്കാർ നാലര കൊല്ലത്തെ ഭരണകാലത്തിനിടയിൽ കാട്ടിക്കൂട്ടിയ വിക്രിയകളും ഏതൊരു ജനാധിപത്യചിന്തകന്റെ സരളഹൃദയത്തെയാണ് വേദനിപ്പിക്കാതിരിക്കുക? '60 ഫെബ്രുവരിയിൽ ഭരണം ഏറ്റെടുത്തു് അന്നു തുടങ്ങി, ശങ്കരഭരണത്തിന്റെ മരണമണി മുഴങ്ങിയ ആ സുദിനംവരെ നടന്ന ഓരോ പ്രധാന നിഭാഗൃംഭവവും അക്കമിട്ടു പറയാൻ തുടങ്ങിയാൽ പ്രകടനപത്രികയുടെ ആമുഖം തന്നെ വല്യാതെ നീണ്ടുപോയേക്കുമെന്ന് ഞങ്ങളെ ഭയപ്പെടുത്തുന്നു. മണലൂരു മുസ്ലീം ലീഗുനേതൃത്തിൽ നടത്തിയ ലഹളത്തിച്ചുജ്ജ്, അമരാവതിയിലെ ആ മനുഷ്യക്കുരുതി, പൊട്ടിയൂർ മേൽച്ചാർത്തു്, സക്കാർ ഭൂമിയിലേയും സ്വകാര്യവനങ്ങളിലേയും അനേകായിരം ഏക്കർ ഭൂമിയുടെ അവിഹിതമായ തിരുമറിയും കൈമാറ്റവും, വൈരമാലയുടേയും ടക്കിനേറയും ഘോഷയാത്ര, തൃശ്ശൂർ ലോക്കപ്പിലെ നഗ്നായാട്ട്, 'ഷെഡ്'ആരോഹണം', കവളപ്പാറ മൂപ്പിലെ പുത്തൻകടിയാൻബന്ധം, കഷ്കബന്ധനിയമത്തെ കാറ്റിൽപറത്തി പാട്ടക്കാരേയും കുടിയാന്മാരേയും കരുക്കിൽപ്പെടുത്തിയ ഗാഡ്കോ മോഡൽ ട്രേഡിങ്ങ്സ്റ്റേറ്റ് ജാമ്യം, ആധുനികപ്രഹ്ളാദനേറ കുതിയിരിപ്പ് സത്യാഗ്രഹം, പുതുശ്ശി_കീരിത്തോട്ടിൽ നടത്തിയ പോലീസ് വേട്ട, മേലാലയങ്ങളുടെ നേരെ നടത്തിയ ഒളിയമ്പ് യുദ്ധം, സ്വകാര്യസ്വത്തുകളും അനുഭവിക്കുന്നതിനുപ്പെട്ട തിയ കൈക്കൂലി വിക്രിയ—ഞങ്ങളും നിരത്തുന്നു. ഇതെല്ലാം അവയിൽ ചിലതുമാത്രമാണ്.

1960_ൽ കേരളത്തിൽ ഐക്യകക്ഷി സക്കാരിനെ അധികാരത്തിലേറുന്നതിൽ നിർണ്ണായകപങ്കു വഹിച്ച ഞങ്ങളും പിൽക്കാലത്തുണ്ടായ തിക്തമായ പ്രസ്തുത അനുഭവപരമ്പരകളുടെ വെളിച്ചത്തിലാണ് ഒരു പുത്തൻ ജനാധിപത്യകക്ഷിക്ക് രൂപം നൽകാൻ നിർബ്ബന്ധിതരായെന്ന വസ്തുത ഇത്തരുണത്തിൽ ഞങ്ങളും ഓർത്തുപോവുകയാണ്.

'57_'59_ൽ കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടിന്റെ അവിഹിതമായ നീക്കങ്ങൾക്കെതിരെ ധീരമായി ശബ്ദിക്കുന്നതിൽ ഇന്നത്തെ കഷ്ക_തൊഴിലാളി പാർട്ടി പ്രവർത്തകർ മറ്റാരേടത്തേയും പിന്നിലല്ലായിരുന്നുവെന്ന് അഭിമാനത്തോടുകൂടെ ഞങ്ങളും അവകാശപ്പെടുന്നു. ഇന്ന് കോൺഗ്രസ്സിനെറ സംരക്ഷകരും പിണിയാളരുമായി രംഗപ്രവേശനം ചെയ്യുകാണുന്ന പല പുതുമുഖങ്ങളും അന്നത്തെ പ്രതിസന്ധിഘട്ടത്തിൽ മാളത്തിൽ ഒളിച്ചിരുന്ന എലിക്കുഞ്ഞുങ്ങളായിരുന്നുവെന്നോർക്കുമ്പോഴാണ് പുത്തൻ ശൂരവീരപരാക്രമികളെപ്പറ്റി ചിരിവരുന്നതു്. ആജ്ജവതപം തീണ്ടാത്ത നെറികെട്ട ഈ അവസരവാദികളും, അടുത്ത തിരഞ്ഞെടുപ്പിലൂടെ ഒരു കോൺഗ്രസ്സേതരസക്കാർ സ്ഥാപിതമായിക്കഴിയുമ്പോഴും സെക്രട്ടറിയേറ്റിന്റെ വരാന്തയിലും മന്ത്രിവസതികളുടെ കശിനികളിലും ഓച്ചാനിച്ച് നിൽക്കുന്നതു് മാലോകർക്ക് കാണാൻ കഴിയുന്ന പുതുമയുള്ള ഒരനുഭവമായിരിക്കും; തീർച്ച തന്നെ!!

മർദ്ദിതജനതയുടെ അവകാശത്തിനും അവയുടെ സംരക്ഷണത്തിനുംവേണ്ടി നിരന്തരക്ഷങ്ങളുടെ നീറുന്ന യാതനകളിൽനിന്നും വേദനകളിൽനിന്നും ഉയിരെടുത്തതാണ് കഷ്ക_തൊഴിലാളി പാർട്ടി. അതിനാൽ അതേനിലയിൽ അതു് നിലനിൽക്കുകയും അതിന്റെ ധർമ്മം നിർവ്വഹിക്കുകയും ചെയ്യും.

ഇതാണ് നാട്ടുകാരുടെ മുന്നിൽ ഞങ്ങൾക്ക് വിനയപൂർവ്വം സമർപ്പിക്കാനുള്ള വാഗ്ദാനം.

ഈ പ്രതിജ്ഞ അംഗീകരിച്ചുകൊണ്ട് പാർട്ടിയുടെ സ്ഥാനാർത്ഥികളെ തിരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാൻ പോവുകയാണ്. അതിനാൽ തിരഞ്ഞെടുപ്പിനുശേഷം പാർട്ടി നടപ്പിൽ വരുത്താൻ പോകുന്ന പരിപാടികളുടെ ഒരു ഏകദേശരൂപം നാട്ടുകാരുടെ മുന്നിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതു് സുവിദിതമായ കടമയാണല്ലോ. ഞങ്ങളും അതു് നിർവ്വഹിക്കുന്നു.

കർഷകപ്രശ്നം

a) ഇന്നു് നിലവിലുള്ള ഭൂപരിഷ്കരണനിയമം പൊളിച്ചെഴുതുന്നതും, മദ്ധ്യവർത്തിസമ്പ്രദായം നിശ്ശേഷം അവസാനിപ്പിച്ച് കർഷകർക്കും കുടിയന്മാർക്കും അനുകൂലമായവിധത്തിൽ പുതിയ ഭൂപരിഷ്കരണനിയമം കൊണ്ടുവരുന്നതും അടുത്ത കാലത്തു നടന്ന എല്ലാ മേൽചാർത്തുകളും റദ്ദാക്കുന്നതുമാണ്.

b) സക്കാർ വനങ്ങളിലേയും, സ്വകാര്യവനങ്ങളിലേയും ഇന്നേവരെയുള്ള കുടിയേറ്റക്കാരായ എല്ലാ കുടിയിരുപ്പുകളേയും അംഗീകരിക്കുന്നതും കൈവശമുള്ള വസ്തുവകകളിൽ സ്ഥിരമായ ഉടമാവകാശം നൽകുന്നതുമാണ്. സക്കാർ പുറമ്പോക്കു് ഭൂമി ഭൂഹീനർക്ക് ഒരു നിശ്ചിതതോതിൽ എത്രയും വേഗം പതിച്ചുകൊടുക്കുന്നതാണ്.

c) നാടിന്റെ സാമ്പത്തിക വികസനത്തിനു അത്യന്താപേക്ഷിതമായ പ്രോജക്ടുകൾക്കുവേണ്ടി പ്രസ്തുത വനപ്രദേശങ്ങളിൽനിന്നും കുടികിടപ്പുകാരെ ഒഴിപ്പിക്കേണ്ടിവരുമ്പോൾ അവരുടെ വസ്തുവകകൾക്ക് മേഫണ്ഡവിലയും പുത്തനായ പുനരധിവാസസൌകര്യങ്ങളും കാലെക്കൂട്ടി ചെയ്തുകൊടുക്കുന്നതാണ്.

d) സംസ്ഥാനത്തിന്റെ മുഖച്ഛെടുപ്പിനും രാജ്യത്തിന്റെ വനസമ്പത്തിനുംവേണ്ടി ഇന്നു നിലവിലുള്ള ജനവാസരഹിതമായ വനങ്ങളുടെ വിസ്തീർണ്ണത്തിൽ ഒരു നല്ല ഭാഗം വനസംരക്ഷണത്തിനുവേണ്ടി നീക്കിവെക്കുന്നതും ബാക്കിവരുന്ന വനപ്രദേശങ്ങളും (റിസർവ് ഫോറസ്റ്റ്) തിട്ടപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ സഹകരണാടിസ്ഥാനത്തിൽ അനേകായിരം കുടുംബങ്ങളെ കുടിയിരുത്താവുന്ന പദ്ധതി ആവിഷ്കരിക്കുന്നതുമാണ്.

e) ഭൂരഹിതരായ എല്ലാ കുടികിടപ്പുകാർക്കും അവരുടെ വാസസ്ഥലത്തിനു ചുറവും ഒരുപിടി മണ്ണ് സ്വന്തമായി ലഭിക്കത്തക്കനിലയിൽ കുടികിടപ്പ് നിയമം പരിഷ്കരിക്കുന്നതും അവ നടപ്പിൽ വരുത്തുന്നതുമായിരിക്കും.

f) ചുരുളി_കീരിത്തോട്ടിൽനിന്നും കുടിയിറക്കപ്പെട്ടവരെ അവിടെത്തന്നെ പുനരധിവസിപ്പിക്കും.

വിദ്യാഭ്യാസം

a) ഹൈസ്കൂൾ വിദ്യാഭ്യാസം സൌജന്യവും സാർവ്വത്രികവുമാക്കും. എന്നാൽ പ്രതിവർഷം 6000 രൂപയിൽ കൂടുതൽ വരവുള്ള രക്ഷിതാക്കളിൽനിന്നു് ഉചിതമായ നിരക്കിൽ വിദ്യാഭ്യാസസെസ്സ് വസൂൽ ചെയ്യുന്നതാണ്.

b) സഹകാര്യവിദ്യാഭ്യാസമേഖലയുടെ സേവനത്തെ പരമാവധി ഉപയോഗപ്പെടുത്തുന്നതും അതോടൊപ്പം ആ രംഗത്തു് കണ്ടുവരുന്ന് അഴിമതിവാസനകളെ കക്ശമായി തടയുന്നതുമാണ്.

c) സക്കാർ മേഖലയിലെ അദ്ധ്യാപകർക്ക് അനുവദിക്കുന്ന എല്ലാ ആനുകൂല്യങ്ങളും സഹകാര്യമേഖലയിലെ അദ്ധ്യാപകർക്ക് ബാധകമാക്കുന്നതുമാണ്. അങ്ങനെ 'തുല്യജോലിക്ക് തുല്യവേതനം' എന്ന തത്വം നടപ്പിൽ വരുത്തുന്നതുമായിരിക്കും.

d) കലാലയവിദ്യാഭ്യാസത്തിനുപരിയായ സാധു വിദ്യാർത്ഥികൾക്ക് ഉദാരമായ രീതിയിൽ സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതാണ്.

പൊതുഭരണം

a) എൻ. ജി. ഒ. മാരുടെ ശമ്പളം പരിഷ്കരിക്കുന്നതും ജീവിതസൂചികയുടെ ഏറ്ററക്കറച്ചലനമനുസരിച്ച് ക്ഷാമബത്ത നൽകുന്നതുമായിരിക്കും. സക്കാരിലെ ഏതൊരു കീഴ്ജീവനക്കാരനും ചുരുങ്ങിയതു് 100 രൂപയെങ്കിലും മാസാന്തശമ്പളമായി ലഭിക്കണം എന്ന തത്വം അംഗീകരിക്കുന്നതും നടപ്പാക്കുന്നതുമാണ്.

b) ഗവമ്മേണ്ടിലെ വിവിധവകുപ്പ് തലങ്ങളിൽ ഉയന്ന ശമ്പളക്കാരായ ധാരാളം വെള്ളാനകളെ കുടിയിരുത്തുക എന്ന മാമൂൽ സമ്പ്രദായം അവസാനിപ്പിക്കുന്നതും പ്രസ്തുത തസ്തികകളിൽ ഒഴിച്ചുകൂടാൻ വഹിയാത്ത നിയമനം മാത്രം നടത്തുന്നതുമായിരിക്കും.

c) സക്കാർ ആഫീസുകളിൽ ചിരകാലമായി നിലനിന്നുവരുന്ന ചുകപ്പുനാടാസമ്പ്രദായത്തെ പരിഷ്കരിച്ച് അവസാനിപ്പിക്കുന്നതും ആ ഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തെ ത്വരിതപ്പെടുത്താൻ ഒരു വിജിലൻസ് പരിശോധനാകമ്മീഷനെ സ്ഥിരമായി ഏർപ്പെടുത്തുന്നതുമാണ്.

d) പൊതുഭരണത്തിന്റെ പ്രധാനഘടകമായ പോലീസ് വകുപ്പിൽ സതൃത്തിനും നീതിക്കും പ്രാമുഖ്യം നൽകിക്കൊണ്ടുള്ള അന്വേഷണരീതി സംഘടിപ്പിക്കുന്നതും പോലീസ് സേനയുടെ നിലവാരം ഉയർത്താൻ അതിലേക്കുള്ള പ്രവേശനയോഗ്യതകളിൽ ഒന്നായി എസ്. എസ്. എൽ. സി. പരീക്ഷായോഗ്യത അടിസ്ഥാനമാക്കുന്നതുമാണ്. പരിഷ്കൃതലോകം അപഹാസ്യമായി കണക്കാക്കുന്ന ലോക്കപ്പ് മർദ്ദനം പാടെ അവസാനിപ്പിക്കും.

മദ്യനിരോധനം

a) പരാജയമടഞ്ഞ മദ്യനിരോധന പ്രഹസനം അവസാനിപ്പിക്കുന്നതും സമുദായത്തിനു് ഹാനികരമല്ലാത്തവിധത്തിൽ മദ്യപാനം അനുവദിക്കുന്നതുമാണ്.

b) കട്ടികളിൽ കുണുന്ന മദ്യപാനാസക്തിയെ നിയന്ത്രിക്കുന്നതും അവരുടെ ഇടയിലെ പരസ്യമായ മദ്യപാനരീതിയെ നിയമം മുഖേന ഫലപ്രദമായി തടയുന്നതുമാണ്.

സംവരണം

a) സക്കാർ നിയമനങ്ങളിലും മറ്റും പിന്നോക്കജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ഉന്നമനത്തെ ലാക്കാക്കിക്കൊണ്ടുള്ള സംവരണരീതിയെ പത്തുകൊല്ലകാലത്തേക്കുകൂടി നിലനിർത്തുന്നതായിരിക്കും.

b) പിന്നോക്കസമുദായങ്ങളിൽനിന്നും, പട്ടികജാതി യിൽ നിന്നും മതപരിവർത്തനം നടത്തുന്ന വ്യക്തികൾക്കും ആ ആനുകൂല്യം ബാധകമാക്കുന്നതാണ്.

c) നിലനിൽപും നിരാലംബത്വമായ എല്ലാ ജനവിഭാഗങ്ങൾക്കും സമുദായപരിഗണനകൂടാതെ ഒരു പരിധിവരെ അവരുടെ വിദ്യാഭ്യാസത്തിനുള്ള സൌജന്യങ്ങൾ ഏർപ്പെടുത്തുന്നതായിരിക്കും.

പൊതുജനാരോഗ്യം

a) ഇന്നത്തെ ചികിത്സാസൌകര്യങ്ങളെ കൂടുതൽ ഉദാരമാക്കുന്നതും പൊതു ആസ്പത്രികളിൽ കൈക്കൂലി സമ്പ്രദായങ്ങളെ കക്ശമായി തടയുന്നതുമാണ്.

b) അല്പം ദീർഘമായ പ്ലാനിംഗ് കൺമുൻപിൽവെച്ച് പഞ്ചായത്തു് ലെവലുകളിൽ ഹെൽത്തു് സെൻറെറുകൾ ഏർപ്പെടുത്തുന്നതും ഗ്രാമങ്ങളിലെ ചികിത്സാസൌകര്യങ്ങളെ വിപുലമാക്കുന്നതുമായിരിക്കും.

വ്യവസായം

a) കേരളത്തിലെ ജനപ്പെരുപ്പവും തൊഴിലില്ലായ്മയും കണക്കിലെടുത്തുകൊണ്ട് വിവിധങ്ങളായ വ്യവസായസൌകര്യങ്ങളും വർദ്ധിപ്പിക്കുന്നതാണ്.

b) കൊച്ചിയിലെ രണ്ടാം കപ്പൽനിർമ്മാണസംവിധാനത്തിൽ കാണുന്ന കേന്ദ്രത്തിന്റെ അലസനയത്തെ ഞങ്ങളും ശക്തിയായി അപലപിക്കുന്നു. അതിന്റെ നിർമ്മാണപുരോഗതിക്കുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതായിരിക്കും.

c) സ്വകാരുവ്യവസായത്തിന്റെ വളർച്ചക്ക് തൊഴിലാളി_മുതലാളി ബന്ധത്തിന്റെ സുഖകരമായ രമ്യത അനിവാര്യമാണെന്നു മനസ്സിലാക്കുന്നു. അതിനാൽ ആയതിനു സഹായകമായ വ്യവസായനയം നടപ്പിൽ വരുത്തുന്നതും വ്യവസായവികസനം സാധിക്കുന്നതുമാണ്.

d) കുടിൽവ്യവസായങ്ങളും ചെറുകിടവ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ കൂടുതൽ പ്രോത്സാഹിപ്പിച്ച് തൊഴിലില്ലായ്മ ദൂരീകരിക്കുന്നതാണ്.

e) കയർ, കൈത്തറി വ്യവസായങ്ങളും പുനരുദ്ധരിക്കുന്നതാണ്. കടൽമത്സ്യത്തൊഴിലാളികൾക്കും കായലോരമത്സ്യത്തൊഴിലാളികൾക്കും കൂടുതൽ ആനുകൂല്യങ്ങളും നൽകും.

സഹകരണപ്രസ്ഥാനം

a) ഒരു ജനാധിപത്യവ്യവസ്ഥയിൽ സഹകരണത്തിന്റെ പ്രാധാന്യം വളരെ വലുതാണ്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ നമ്മുടെ രാജ്യത്തിലെ സഹകരണപ്രസ്ഥാനങ്ങളുടെ വളർച്ച ഒട്ടും ആശാവഹമല്ല. ഇതിന്റെ വെളിച്ചത്തിൽ സഹകരണപ്രസ്ഥാനത്തിന്റെ നൃനതകൾ പരിശോധിക്കുന്നതും ഒരു നല്ല അന്തരീക്ഷം സഹകരണപ്രസ്ഥാനത്തിൽ വളർത്തിയെടുക്കാൻ ശ്രമിക്കുന്നതുമാണ്.

ഭക്ഷ്യപ്രശ്നം

a) ഇന്ത്യക്ക് 200 കോടി രൂപയോളം വിദേശനാണ്യം സംഭരിച്ചുകൊടുക്കുന്ന കേരളം മുഴുപ്പട്ടിണിനിലയിൽ കഴിഞ്ഞുകൂടുകയെന്നതു് നീതിക്ക് നിരക്കാത്ത ഒന്നാണ്, അതിനാൽ എല്ലാ കേരളീയർക്കും ജീവിക്കാൻ ഉതകുന്ന ഭക്ഷ്യവിഭവം വിതരണം ചെയ്യാവുന്ന രീതിയിൽ നമ്മുടെ ഡോളർ നിക്ഷേപങ്ങളിൽനിന്നു് കണക്കുപറഞ്ഞു് കേന്ദ്രത്തെക്കൊണ്ട് ഭക്ഷ്യവിഭവങ്ങളും ഇറക്കുമതി ചെയ്യിപ്പിക്കുന്നതും കേരളത്തിലെ ഭൂരവസ്ഥക്ക് പൂർണ്ണവിരാമം ഇടുവിപ്പിക്കുന്നതുമാണ്.

ഗതാഗതം

a) സംസ്ഥാനവ്യാപകമായി ഗതാഗതസൌകര്യത്തെ വർദ്ധിപ്പിക്കുന്നതും പരിഷ്കരിക്കുന്നതുമായിരിക്കും. സംസ്ഥാനത്തിലെ ബസ്സ് റൂട്ടുകളും ദേശസാൽക്കരിക്കുകയെന്നതു് ഒരു പ്രധാന ലക്ഷ്യമാണ്. അതിനാൽ ഒരു നിശ്ചിതകാലപരിധിക്കുള്ളിൽ പ്രസ്തുത ദേശസാൽക്കരണം നിർവ്വഹിക്കുന്നതാണ്.

b) പൊതുജനങ്ങളുടെ യാത്രാസൌകര്യങ്ങളെ പരമാവധി പരിഗണിക്കുന്നതും, യാത്രാനിരക്കുകളും കുറക്കുന്നതും വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഇന്നത്തെ യാത്രാസൌജന്യം വർദ്ധിപ്പിക്കുന്നതുമായിരിക്കും.

c) സംസ്ഥാനത്തിനു വ്യാപകമായി എല്ലാ കുടുത്തുകളിലും സൌജന്യമായ യാത്രാസൌകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്.

തൊഴിലാളിക്ഷേമം

